For private circulation only

# ഇന്ത്യൻ ബ്രദറൺ

സത്യവചനത്തിന്റെ കാലോചിത സമർപ്പണം

ബ്രദറൺ ക്രിസ്ത്യൻ ചർച്ചസ് ഫെലോഷിപ്പ് പ്രസിദ്ധീകരണം | പുസ്തകം 1, ലക്കം 6, 2011 നവംബർ 20

## ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ് പ്രോഗ്രാം സമാപിച്ചു

അഹമ്മദ്ബാദ്: അഹമ്മദ്ബാദ് ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ 2011 ഒക്ടോബർ 30 മുതൽ നവംബർ 4 വരെ അഹമ്മദ്ബാദ് പാസ്റ്ററൽ സെന്ററിൽ വച്ച് ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ് പ്രോഗ്രാം വളരെ അനുഗ്രഹകരമായി നടന്നു. ഗുജറാത്തിൽ വാപിയിലാണ് ആദ്യമായി 10 വർഷങ്ങൾക്കു മുമ്പ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടത്. അതിനുശേഷം ഒരു സഭ ചുമതല എടുത്ത് നടത്തുന്ന പ്രോഗ്രാമായിരുന്നു ഇത്. സഹോദരൻമാരായ ഏബ്രഹാം തോമസ് (കൊച്ചി), ഏബ്രഹാം തോമസ് (പുല്ലാട്), ബിനു സാമുവേൽ, സാം മാത്യു (സാമന്തപൂർ) എന്നിവർ ക്ലാസ്സുകളെടുത്തു. ചുറ്റുപാടും ഉള്ള സഭകളിൽ നിന്നുമായി 40 പേർ ട്രെയിനിംഗിൽ സംബന്ധിച്ചു. ബ്രദർ ജോസ് ഡാലി ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സ്ഥലം സഭയുടെ പൂർണമായ സഹകരണം ലഭിച്ചു എന്നത് അഭിനന്ദനാർഹമാണ്. സഹോദരൻമാരായ റെൻസി കെ സ്കറിയ, ജോർജ്ജ് മാത്യു എന്നിവരും അവരുടെ കുടുംബാംഗങ്ങളും ഈ പ്രവർത്തനത്തിന്റെ വിജയത്തിനായി അഹോരാത്രം അദ്ധ്വാനിച്ചിട്ടുണ്ട്. സമാപന സമ്മേളനത്തിൽ ബ്രദർ എൻ.ജി ജോൺ വചന ശുശ്രൂഷ ചെയ്തു.

പങ്കെടുത്ത ഏവർക്കും ഒരു പുതിയ അനുഭവമായിരുന്നു ട്രെയിനിംഗ് പ്രോഗ്രാം എന്ന് സാക്ഷിക്കുകയുണ്ടായി. ഈ പ്രോഗ്രാമിന്റെ ഫലമായി അഹമ്മദ്ബാദിന്റെ വിവിധ ഭാഗങ്ങളിൽ ചിൽഡ്രൻസ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന് ഇടയായിട്ടുണ്ട്. ഗുജറാത്തിൽ ഈ പ്രവർത്തനം ഒരു ആത്മീയ ഉണർവ്വിന് മുഖാന്തിരമാകേണ്ടതിന് ദൈവമക്കൾ പ്രാർത്ഥിച്ചാലും.



ചൈൽഡ് ഇവാഞ്ചലിസം ട്രെയിനിംഗ് പ്രോഗ്രാമിൽ സംബന്ധിച്ചവർ

## രാജസ്ഥാൻ ബിലിവേഴ്സ് കോൺഫറൻസിന് സമാപനം




ബിലിവേഴ്സ് കോൺഫറൻസിൽ സുവനീർ പ്രകാശനം ചെയ്യുന്നു

അൽവാർ: രാജസ്ഥാനിലെ ബ്രദറൺ സഭകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബിലിവേഴ്സ് കോൺഫറൻസ് ഒക്ടോബർ 6 മുതൽ 9 വരെ അനുഗ്രഹകരമായി നടത്തപ്പെട്ടു. ജോയി ജോൺ (ബാംഗ്ലൂർ), രാജൻ തോമസ് (ബഹറിൻ), ഡോ. കോശി മാത്യു (മുംബൈ) എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. "ക്രിസ്തീയ ജീവിതം" എന്ന തീമിനെ ആസ്പദമാക്കിയുള്ള സന്ദേശങ്ങൾ വിശ്വാസികൾക്ക് ആത്മീയ പ്രചോദനം നൽകുന്നതായിരുന്നു. കോൺഫറൻസിനോടനുബന്ധിച്ച് സഹോദരിമാരുടെ സമ്മേളനവും കുട്ടികൾക്കായുള്ള പരിപാടികളും നടത്തപ്പെട്ടു. ബ്രദർ എഡ്വിൻ പോൾ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. രാജസ്ഥാനിലെ ബ്രദറൺ സഭാ പ്രവർത്തനങ്ങളുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് 8-ാം തീയതി നടന്ന പ്രത്യേക സമ്മേളനത്തിൽ ബ്രദർ ആർപി സാമുവേൽ അദ്ധ്യക്ഷനായിരുന്നു. ബ്രദർ കുരുവിള പീറ്റർ (ഹ്യൂസ്റ്റൺ) പ്രധാന അതിഥിയായിരുന്നു. ബ്രദർ സിഎം ദാനിയേൽ (എറണാകുളം) രാജു കെ തോമസ് (വടശ്ശേരിക്കര) എന്നിവർ ഈ സമ്മേളനത്തിലെ പ്രത്യേക ക്ഷണിതാക്കളായിരുന്നു. ബ്രദർ ഏബ്രഹാം തോമസ് (കൊച്ചി) പ്രോഗ്രാമിന് നേതൃത്വം നൽകി. ബ്രദർ കെഎസ് ജോർജ്ജിന്റെ പ്രാർത്ഥനയോടു കൂടി പ്രത്യേക സമ്മേളനം ആരംഭിച്ചു. ബ്രദർ എം.ജി സാമുവേൽ സ്വാഗതപ്രസംഗം നടത്തി. രാജസ്ഥാനിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ബ്രദർ റ്റിജെ ജോസഫ് അവതരിപ്പിച്ചു. സഹോദരൻമാരായ ജോയി ജോൺ, ഡോ. കോശി മാത്യു, രാജൻ തോമസ്. ദർശൻ സിംഗ്, പുഷ്പൻ പപ്പു, പോൾ ദാനിയേൽ, സിപി. തോമസ്, പിഡി സാമുവേൽ, ഈപ്പൻ ജോർജ്ജ്, ജോൺസൺ ബേബി, റ്റി. എ. അലക്സാണ്ടർ, എംജെ ബാബു, ജെയ്മോൻ കെ സാം തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. 50 വർഷങ്ങൾക്ക് മുമ്പ് സഹോദരൻമാരായ ഫിലിപ്പ് ഏബ്രഹാം, ക്സെി. ജോൺ, എം.എ തോമസ്, പോൾ എസ് കാന്ത് തുടങ്ങിയവർ സുവിശേഷഘോഷണാർത്ഥം കോട്ടയിലെത്തിയപ്പോഴാണ് ആദ്യമായി ബ്രദറൺ കൂടിവരവ് രാജസ്ഥാനിൽ ആരംഭിക്കുന്നത്. 50 വർഷത്തെ പ്രവർത്തനങ്ങളെല്ലാം കോർത്തിണക്കിയ സുവനീറിന്റെ പ്രകാശനവും ഈ സമ്മേളനത്തിൽ വച്ച് നടത്തപ്പെട്ടു. ഇന്ന് രാജസ്ഥാനിൽ മുപ്പത്തിമൂന്ന് സ്ഥലംസഭകളും അത്രത്തോളം തന്നെ സുവിശേഷകൻമാരും ഉണ്ട്. ഇനിയും സഭകളും പ്രവർത്തകരും ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. ഈ കോൺഫറൻസിന്റെ ക്രമീകരണങ്ങൾക്ക് ബ്രദർ റ്റിജെ ജോസഫ് അൽവാർ നേതൃത്വം നൽകി.

## ബിലിവേഴ്സ് യൂത്ത് കോൺഫറൻസ്

ബെറേലി: ഉത്തർപ്രദേശിലെയും ഉത്തർകാണ്ടിലെയും ബ്രദറൺ സഭകളിലെ യുവജനങ്ങൾക്കായി 2011 ഒക്ടോബർ 25 മുതൽ 28 വരെ സംഘടിപ്പിച്ച ബിലിവേഴ്സ് യൂത്ത് കോൺഫറൻസ് വളരെ അനുഗ്രഹകരമായി സമാപിച്ചു. ബെറേലി ബ്രദറൺ സഭയുടെ ചുമതലയിലാണ് കോൺഫറൻസ് നടത്തപ്പെട്ടത്. സഹോദരൻമാരായ ഏബ്രഹാം തോമസ് (കൊച്ചി), പി.കെ ജേക്കബ് (ദുബായി) സാം തോമസ് (ഡറാഡൂൺ) പ്രധാന ലീഡേഴ്സായിരുന്നു. "മാറുന്ന ലോകത്തിൽ വിശ്വാസി" എന്ന തീമിനെ ആസ്പദമാക്കിയുള്ള സന്ദേശങ്ങൾ കാലോചിതവും, വിശ്വാസികൾക്ക് പ്രയോജനപ്രദവും ആയിരുന്നു. സഹോദരൻമാരായ ഒ.എ ജോർജ്ജ്, ദേവദാസൻ (ചെന്നൈ) സാബു കെ ജോൺ, സജി, സാമുവേൽ ബി തോമസ്, വർഗീസ് ഏബ്രഹാം, എഡ്വിൻ പോൾ, തോമസ് (മല്ലപ്പള്ളി) തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ബ്രദർ രാജേന്ദ്ര രാജ്വാർ കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളെടുത്തു.

250 ഓളം പേർ ഈ കോൺഫറൻസിൽ സംബന്ധിച്ചു. ജീവിതത്തിൽ നിർണായകമായ പല തീരുമാനങ്ങളും എടുക്കുന്നതിന് ഈ കോൺഫറൻസ് മുഖാന്തിരം ഇടയായി.

## എസ്ബിഎസ് പ്രാർത്ഥനായോഗം

പുത്തൻകാവ്: സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനായോഗം 2011 നവംബർ 25 വെള്ളി വൈകിട്ട് 6 മണിക്ക് റാന്നി കണ്ടൻപേരൂർ കപ്പമാമൂട്ടിൽ ബ്രദർ കെ.എം ജോൺസന്റെ ഭവനത്തിൽ വച്ച് നടക്കുന്നതാണ്. ഈ പ്രാർത്ഥനായോഗത്തിൽ എല്ലാ ബാലസംഘം പ്രവർത്തകരും പ്രാർത്ഥനാ സഹകാരികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എസ്.ബി.എസിനു വേണ്ടി
സി.എം. ചാക്കോ, പ്രയർ കോ-ഓർഡിനേറ്റർ

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9447363991

**ഈ ലക്കത്തിൽ അങ്കമാലി ബ്രദറൺ സഭാ സപ്ലിമെന്റ് 3-6 പേജുകളിൽ.**

**അടുത്തലക്കം പത്തനംതിട്ട കൺവൻഷൻ, കുമ്പനാട് ജനറൽ കൺവൻഷൻ സപ്ലിമെന്റ്.**

**കുമ്പനാട് ജനറൽ കൺവൻഷൻ**
**2011 ഡിസംബർ 25 – ജനുവരി 1 വരെ**

എഡിറ്റോറിയൽ



# നമുക്ക് വേർപാട് സംരക്ഷകരാകാം

ക്രിസ്തീയ സഭാചരിത്രത്തിൽ ശ്രദ്ധേയങ്ങളായ അനേകം നവീകരണ സംഘങ്ങൾ ഉയർന്നു വന്നെങ്കിലും ചുരുക്കം ചിലതു മാത്രമാണ് ഒരു നൂറ്റാണ്ടോളം നില നിന്നിട്ടുള്ളത്. എന്നാൽ ബ്രദറൺ പ്രസ്ഥാനം കഴിഞ്ഞ 110ലധികം വർഷങ്ങളായി വേർപാട് ദർശനത്തിലും ഉപദേശത്തിലും സജീവമായിത്തന്നെ തുടരുന്നുവെന്നത് നമ്മെ സംബന്ധിച്ചിടത്തോളം സന്തോഷിക്കാൻ വക നൽകുന്നതാണ്. പല ന്യൂനതകളും പലർക്കും പറയാൻ സാധിക്കുമെങ്കിലും മറ്റ് വേർപെട്ട സമൂഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ബ്രദറൺ പ്രസ്ഥാനം നിസ്തുല്യമായി ഇന്നും തുടരുന്നു. ഈ സജീവ സംഘത്തിനു പിൻബലമായ കാര്യത്തെക്കുറിച്ചും അതിൽ നമുക്ക് വ്യക്തിപരമായുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ചെറുതും വലുതുമായി വിവിധ കർത്തവ്യമുള്ള അവയവങ്ങളാൽ നിർമ്മിതമായ നമ്മുടെ ശരീരത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിനും വളർച്ചയ്ക്കും അവയവങ്ങൾ അതതിന്റേതായ കർത്തവ്യങ്ങൾ യഥാവിധി ചെയ്യേണ്ടതുണ്ട്. അതുപോലെ തന്നെ ബ്രദറൺ സഭകളുടെ സുഗമമായ പ്രവർത്തനത്തിന് വ്യത്യസ്ഥങ്ങളായ ഉത്തരവാദിത്വങ്ങൾ ദൈവാത്മാവിനാൽ ഭരമേൽപ്പിക്കപ്പെട്ടവരാണ്. വിശ്വാസികളായ നാം ഓരോരുത്തരും എന്ന ബോധ്യം നമ്മെ ഭരിക്കേണ്ടതാവശ്യമാണ്. ശരീരത്തിന്റെ പുഷ്ടിക്കും ആരോഗ്യത്തിനും പോഷകാഹാരങ്ങൾ ആവശ്യമായിരിക്കുന്നതുപോലെ നമ്മുടെ ആത്മീക ജീവിതത്തിനും സ്ഥലം സഭകളുടെ നിലനിൽപ്പിനും വചനപഠനം, പ്രാർത്ഥന, കൂട്ടായ്മ, സുവിശേഷീകരണം എന്നിവ ക്രമമായി ചെയ്യേണ്ടതുണ്ട്.

> ആശയങ്ങൾക്ക് സ്വാധീനശക്തി വളരെയാണ്. തിന്മയുടെ ആശയങ്ങൾ പതിന്മടങ്ങ് ശക്തിയുള്ളതാണ്. അതുകൊണ്ടാണ് ദൈവാത്മാവ് നമ്മോട് പാപികളുടെ വഴിയിൽ നിൽക്കരുതെന്നും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്നും പ്രബോധിപ്പിക്കുന്നത്.

ബാഹ്യമായ കാഴ്ചപ്പാടിൽ തോന്നുന്ന ന്യൂനതകൾക്കതീതമായി വചനം ക്രമീകൃതമായി പഠിക്കുന്നതിനുള്ള വേദികളാണ് ബ്രദറൺ സഭകൾ. വചനം യഥാവിധി വ്യാഖ്യാനിക്കുവാനും പഠിപ്പിക്കുവാനും പ്രാപ്തരായ ശുശ്രൂഷകരാൽ അനുഗ്രഹീതമാണ് ബ്രദറൺ സഭകൾ. സുവിശേഷീകരണ രംഗത്തും വൈ.എം.ഇ.എഫ്; എസ്.ബി.എസ്, മാസവേല തുടങ്ങിയ ടീമുകളും സ്ഥലം സഭകളും സവിശേഷ സ്ഥാനം അലങ്കരിക്കുന്നു. നമ്മുടെ വ്യക്തിപരമായ ആത്മീക വളർച്ചയ്ക്കും വേർപാട് സമൂഹത്തിന്റെ ഉന്നതിക്കും നാം സഭകളോട് ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ആരോഗ്യത്തിനു ഹാനികരമായ കാര്യങ്ങളും ശീലങ്ങളും ഒഴിവാക്കേണ്ടത് സാഫല്യ ജീവിതത്തിന് ആവശ്യമായിരിക്കുന്നതുപോലെ നമ്മുടെ ആത്മീക ജീവിതത്തിനു ദോഷം ചെയ്യുന്ന കാര്യങ്ങളിൽ നിന്നും നാം അകന്നു ജീവിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. വേർപാട് സഭകൾക്കും നമ്മുടെ മക്കൾക്കും ആത്മീക മരണം ഉളവാക്കുന്ന സാഹചര്യങ്ങളെ നാം മുൻകണ്ട് ഒഴിവാക്കേണ്ടിയിരിക്കുന്നു.

ആശയങ്ങൾക്ക് സ്വാധീനശക്തി വളരെയാണ്. തിന്മയുടെ ആശയങ്ങൾ പതിന്മടങ്ങ് ശക്തിയുള്ളതാണ്. അതുകൊണ്ടാണ് ദൈവാത്മാവ് നമ്മോട് പാപികളുടെ വഴിയിൽ നിൽക്കരുതെന്നും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്നും പ്രബോധിപ്പിക്കുന്നത്. (സങ്കീ.1) വേർപാട് സഭകളെ പരിഹാസവിഷയമാക്കുന്നവരുടെ വാക്കുകൾ നാം ശ്രദ്ധിക്കുകയോ അവരെ പ്രോത്സാഹിപ്പിക്കുകയോ ചെയ്താൽ നാം നമ്മുടെ കാൽക്കീഴിലെ തന്നെ മണ്ണ് മാറ്റുകയാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആ വീഴ്ച എത്രയും വലുതായിരിക്കും. ഒരു പക്ഷെ, നമ്മുടെ ഇടയിലുള്ളവർ തന്നെയാകാം വേർപാട് പ്രസ്ഥാനത്തിന്റെ തകർച്ചയും സഭകളുടെ ശിഥിലീകരണവും കാത്തിരിക്കുന്നത്. നാം ഓരോരുത്തരും വേർപാട് എന്ന ആത്മീകപ്രസ്ഥാനത്തിന്റെ കണ്ണികളാകയാൽ സഹോദരവർഗ്ഗത്തിന്റെയും സ്ഥലം സഭകളുടേയും നന്മയ്ക്കായി വചനപ്രകാരം നിലകൊള്ളണം.

പല കുറവുകളും നമ്മുടെ ഇടയിൽ ഉണ്ട് എന്നത് സത്യമാണ്. എന്നാൽ നമ്മുടെ ഉത്തരവാദിത്വം എന്ത്? കുറവുകൾ പരിഹരിക്കാൻ നാം എന്തു ചെയ്യുന്നു? എസ്രായെയും നെഹമ്യാവിനെയും പോലെ ദൈവജനത്തിന്റെ ഉദ്ധാരണത്തിനായി സമർപ്പണത്തോടെ പ്രവർത്തിക്കുകയാണോ? അതോ, സൻബല്ലത്തിനെയും തോബിയാത്തിനെയും പോലെ സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി ദൈവജനത്തിന്റെ യഥാസ്ഥാപനത്തിനെതിരെ നിൽക്കയാണോ? ബ്രദറൺ സഭകളുടെ ഉന്നമനത്തിനായി നമുക്ക് ഒത്തു ചേരാം. സഭകൾക്കും വിശ്വാസികൾക്കും ദോഷം ചെയ്യുന്ന കാര്യങ്ങളോട് അകന്നു നിൽക്കാം.

**ഡോ. ജെ.സി.പി.**

ധ്യാനം



# ഉപ്പിന്റെ പാഠഭേദം

**സി. റ്റി. ജോണിക്കുട്ടി**

യേശുവിന്റെ കാലത്ത് സവിശേഷമായ ഉപയോഗം കൊണ്ട് ഉപ്പ് വളരെ ശ്രദ്ധ നേടിയിരുന്നു. യേശുവും അവിടുത്തെ പ്രബോധനങ്ങളിലും പ്രഭാഷണങ്ങളിലും ഉപ്പിനെ പരാമർശിക്കുന്നുണ്ട്. നിലത്ത് കളഞ്ഞിട്ട് മനുഷ്യർ ചവുട്ടിക്കളയുന്ന ഉപ്പിനെക്കുറിച്ചുള്ള പാഠം യേശുവിന്റെ കാലത്തേക്കുള്ള മടങ്ങിപ്പോക്കിന് വഴി തുറക്കുന്നുണ്ട്.

മധ്യപൂർവ്വദേശങ്ങളിൽ ആ കാലഘട്ടത്തിൽ അടുക്കളയിലെ അടുപ്പുകളുടെ ചൂട് നിലനിർത്തുന്നതിന് ഉപ്പ് വിതറുകയും അതിനു മീതെ കല്ലുകൾ പാകുകയും ചെയ്തിരുന്നു. കാലപ്പഴക്കത്തിൽ ഉപ്പിന്റെ ഉറകെട്ടുപോവുകയും ചൂട് നില നിർത്താനാവാതെ വരികയും ചെയ്യും. അപ്പോൾ അവയെ അവിടെ നിന്നും വാരിയെടുത്ത് വീഥിയിൽ ഉപേക്ഷിക്കുന്നു. പുതിയത് നിക്ഷേപിക്കുന്നു. ഉപേക്ഷിക്കപ്പെട്ട ഉപ്പിന്റെ മീതെ മനുഷ്യർ ചവുട്ടി നടക്കുന്നു. ഒരിക്കൽ ഭവനത്തിന്റെ എല്ലാ അംഗങ്ങൾക്കും ചൂടു പകർന്ന ഉപ്പിന്റെ ദയനീയ സ്ഥിതി അവിടെയെത്തി.

ഉപ്പിന്റെ വഴികൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. യേശു തന്റെ ശിഷ്യരെ ഉപമിക്കുന്നതും ഈ ഉപ്പിനോടാണ്. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഓരോ ശിഷ്യനും ഈ ബോധ്യം ഏറെ ഉത്തരവാദിത്തവും സദ്ചിന്തകളും അവന് സമ്മാനിക്കുന്നു. ഒരിക്കൽ ഉപ്പുവെള്ളത്തിന്റെ ഭാഗമായിരുന്നു താനും. ദ്രവരൂപത്തിൽ മറ്റുള്ളവരോട് ഒട്ടിച്ചേർന്നു കഴിഞ്ഞിരുന്നു. ഒരു അതിർവരമ്പു വഴി വ്യത്യസ്തതലം ഈ ഉപ്പുവെള്ളത്തിനു കൈവന്നു. വേർപാട് എന്ന അനുഭവം ഇവിടെ സാക്ഷ്യമായി മാറുന്നു. വേർതിരിക്കപ്പെട്ടതിലൂടെ ഘരരൂപമായി മാറി ഈ ഉപ്പ്. ആർക്കും എവിടം വരെയും ഉപയോഗത്തിനായി കൊണ്ടെത്തിക്കുവാൻ കഴിയുന്ന ഒരു പ്രകൃതി കൈവന്നു. അനായാസേന കൈകാര്യം ചെയ്യുവാൻ കഴിയുന്ന ഒരു നില. ഇനിയുള്ള കാലം ചുമതലകളും ഉത്തരവാദിത്തങ്ങളും ചുമലിൽ ഏറ്റി സഞ്ചരിക്കുവാനുള്ള നിയോഗമാണുള്ളത്.

ആശുപത്രികളിലെ ഡ്രസ്സിംഗ് വിഭാഗത്തിൽ മുറിവുകൾ ഉണക്കുവാൻ ഇന്നും വളരെ ഉപയോഗമുള്ള ഒരു ഔഷധമാണ് ഉപ്പ് ചേർന്ന ലായനി. ഹൃദയത്തിനേറ്റ മുറിവുകൾ വരെ സുഖപ്പെടുത്തുവാൻ അസാമാന്യ കഴിവ് ക്രിസ്തു ഉപ്പാക്കി മാറ്റിയ ജീവിതങ്ങൾക്ക് മാത്രം സ്വന്തമാണ്. അതിനുള്ള സാദ്ധ്യത ഈ ഉപ്പിലുണ്ട്. ഉപയോഗത്താൽ മാത്രമേ സാധിതപ്രായമാകൂ എന്നു മാത്രം.

അപരന്റെ ജീവിതത്തെ കേടുകൂടാതെ ദീർഘകാലം നിലനിർത്തുവാൻ ഉപ്പിനു ശേഷിയുണ്ട്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുവാൻ ഉപ്പ് സഹിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ നമ്മുടെ ഓർമ്മയിലുണ്ട്. ദ്രവിച്ച്, ദുർഗന്ധം വ്യാപിച്ച്, സമീപത്തെല്ലാം അസ്വസ്തത പരത്തുവാനേ ഈ മത്സ്യങ്ങൾക്ക് കഴിയുമായിരുന്നുള്ളു. ഇപ്പോൾ ഏറ്റവും അടുത്ത ചങ്ങാതിയായി, സഹോദരനായി ഉപ്പ് മാറിയതിലൂടെ ഈ ജീവിതം നിലനിൽക്കുകയാണ്.

നിത്യജീവിതത്തോട് ഏറെ ഇഴുകിച്ചേർന്നിരിക്കുന്ന ഒന്നാണ് ഭക്ഷണം. ഏതു ഭക്ഷണത്തിലും അസാന്നിദ്ധ്യംകൊണ്ടും അപ്പോൾത്തന്നെ രുചി സമ്മാനിച്ചും ഉപ്പ് മുന്നിൽ നില്ക്കുന്നു. ഭക്ഷണം ശരീരത്തിന്റെ പോഷണത്തിന് ഒഴിവാക്കുവാൻ സാധിക്കുന്നില്ല. ഉപ്പിന്റെ കാര്യമോ? ഏതാഹാരത്തിന്റെ രുചി വർദ്ധനവിനും ഒടുവിലത്തെ പരിശോധനിയിലും ഉപ്പ് പാത്രത്തിലേക്ക് വീട്ടമ്മയുടെ കൈകൾ നീളുന്നു. എന്തൊരു മഹത്വം ഉപ്പ് നേടി?

നിങ്ങളുടെ വാക്ക് കൃപയോടു കൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ എന്ന പൗലൊസ്യ നിർദ്ദേശം ഒരു മേഖലയിലും അവഗണിക്കപ്പെടരുത്. മുൻകാലങ്ങളിൽ ഉപ്പ് നിറച്ച ചാക്കുകൾ വ്യാപാരസ്ഥാപനങ്ങളുടെ പുറത്ത് ഉപേക്ഷിക്കപ്പെട്ടതുപോലെ വച്ചിരുന്നു; വലിയ വില കൽപ്പിക്കപ്പെടാതെ. ലോകത്തിന്റെ വീക്ഷണത്തിൽ സംഭവിച്ച പിഴവാണിത്. മൂല്യമറിഞ്ഞ വീട്ടമ്മ ഈ ഉപ്പിനെ അവഗണിക്കുന്നില്ല. വീടിന്റെ ഹൃദയഭാഗത്ത് സുരക്ഷിതമായി കാക്കുന്നു. എന്തു വിത്യാസം?

ചൂടു പകരാനും മുറിവ് ഉണക്കാനും അപരനെ കേടുകൂടാതെ സൂക്ഷിക്കുവാനും രുചിപ്പിക്കുവാനും ഹൃദയത്തിന്റെ അന്തർഭാഗത്ത് ഇടം ഉറപ്പിക്കുവാനും കഴിയുന്ന സ്ഥാനത്തേക്കുള്ള വിളിയാണ് വിശ്വാസിക്ക് കർത്താവ് നല്കിയിട്ടുള്ളത്. വാഗ്ധോരണികളിലും രചനകളിലും അല്ല ഈ കൃത്യം നിലനിർത്തേണ്ടത്. ജീവിതം കൊണ്ടാണ്. സ്വന്തം അസ്തിത്വം ഇല്ലാതാക്കി ഭൂമിക്കുവേണ്ടി, സഹജീവിക്കുവേണ്ടി, സഹോദരനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഉപ്പിന്റെ സന്തോഷവും നാം ശ്രദ്ധിക്കേണ്ടത് തന്നെ.

**ചൂടു പകരാനും മുറിവ് ഉണക്കാനും അപരനെ കേടുകൂടാതെ സൂക്ഷിക്കുവാനും രുചിപ്പിക്കുവാനും ഹൃദയത്തിന്റെ അന്തർഭാഗത്ത് ഇടം ഉറപ്പിക്കുവാനും കഴിയുന്ന സ്ഥാനത്തേക്കുള്ള വിളിയാണ് വിശ്വാസിക്ക് കർത്താവ് നല്കിയിട്ടുള്ളത്. വാഗ്ധോരണികളിലും രചനകളിലും അല്ല ഈ കൃത്യം നിലനിർത്തേണ്ടത്. ജീവിതം കൊണ്ടാണ്. സ്വന്തം അസ്തിത്വം ഇല്ലാതാക്കി ഭൂമിക്കുവേണ്ടി, സഹജീവിക്കുവേണ്ടി, സഹോദരനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഉപ്പിന്റെ സന്തോഷവും നാം ശ്രദ്ധിക്കേണ്ടത് തന്നെ.**

EDITORIAL BOARD
P. E. Samkutty
**(Chief Editor)**
C. T. Johnykutty
(**Editor**, Malayalam Division)
Dr. Johnson C. Philip
(**Editor**, English Division)
Lijo Angamaly
V. M. John
Binu Samuel
(Publisher)
Varkey George
**(Treasurer)**
ADVISORY BOARD
M. M. Zachariah
Prof. P. P. Skariah
Chandapilla Philip
M. A. Joy
M. M. Andrews
K. A. Phillip
K. P. George
Thomas Chandy
Prof. Jacob Thomas
V. K. Mathew
P. P. Mathew
M. P. Godly
Silas C. Nair
V. Kuriakose
P. P. George
A. O. Thomas
C. P. Aniyan
**REPRESENTATIVES**
K. Philipkutty, Deira
Mathew Vairamon USA
Samuel Thomas, Abu Dhabi
Tiji Thomas, Sharjah



## കത്തുകൾ പ്രതികരണങ്ങൾ

പ്രിയ പത്രാധിപർക്ക്,

പുനലൂരിൽ സുവിശേഷ പ്രവർത്തനവുമായി വന്ന കർത്താവിന്റെ ശ്രേഷ്ഠദാസനായിരുന്ന പുനലൂർ ചാക്കോച്ചനെപ്പറ്റിയുള്ള ലേഖനം വളരെ ഹൃദ്യമായിരുന്നു. ഏകദേശം നൂറ് വർഷങ്ങൾക്കു മുമ്പ് കാടുമേടുകൾ നിറഞ്ഞ കിഴക്കൻ പ്രദേശങ്ങളിൽ അനേക പ്രതികൂലങ്ങളുടെ മദ്ധ്യേ തളരാതെ ധാരാളം കുടുംബങ്ങളെ ക്രൈസ്തവ വിശ്വാസത്തിലേക്ക് അദ്ദേഹം നയിച്ചു. വാഹനങ്ങൾ കുറവായിരുന്ന കാലത്ത് കാൽനടയായി നടന്ന് സുവിശേഷം അറിയിച്ചു. ചെമ്മന്തൂർ അപ്പച്ചൻ എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. ഉപദേഷ്ടാവ്, സുവിശേഷകൻ എന്നീ നിലകളിൽ വളരെ അദ്ധ്വാനിച്ച അദ്ദേഹത്തിന്റെ സേവനങ്ങളെ ശിഷ്യവൃന്ദങ്ങൾ മറന്നു പോയി എന്ന് ചിന്തിച്ചു പോകുന്നു. ഈ ലേഖന കർത്താവിന് എല്ലാ അഭിനന്ദനങ്ങളും നേരുന്നു. തുടർന്നും ഇത്തരം ലേഖനങ്ങൾ മാസികയിൽ വരുന്നത് നന്നാണ്. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ. കത്ത് മാസികയിൽ പ്രസിദ്ധീകരിക്കുമല്ലോ.


ഇളമ്പൽ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിനു വേണ്ടി
**സാമുവേൽ പീടികയിൽ**
(സഭയുടെ രജിസ്ട്രേഷൻ നമ്പർ Q410/11)

## അങ്കമാലി ബ്രദറൺ സഭാ സപ്ലിമെന്റ്

# അങ്കമാലി ബ്രദറൺ സഭയുടെ തുടക്കം




ആദ്യകാല വിശ്വാസികൾ




ഇ.പി.വർഗീസ്



എ.പി.പൈലി



കെ.എ.മത്തായി



പി.ജി.വർഗീസ്



ഇ.വി.വർഗീസ്

**ഉല്പത്തിയും കുതിപ്പും**

പുരാതന ക്രൈസ്തവ കേന്ദ്രങ്ങളിൽ പുകൾപ്പെട്ട അങ്കമാലിക്ക് മലങ്കരസഭാ ചരിത്രത്തിന്റെ താളുകളിൽ ശക്തമായ സ്ഥാനമാണുളളത്. കത്തോലിക്ക യാക്കോബായ മതവിശ്വാസികളുടെ ഈറ്റില്ലമായ അങ്കമാലിയിൽ മറ്റൊരു ക്രൈസ്തവ വിഭാഗത്തിനും ഇവർ തെല്ലിടം നല്കിയിരുന്നില്ല. സുവിശേഷവിഹിത സഭകൾ തങ്ങളുടെ പാദം ഉറപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. അബ്രഹാം സഫ്രഗൻ മെത്രാപ്പോലിത്തായുടെ കാലത്ത് അദ്ദേഹം ഇവിടെ വന്ന് മാർത്തോമ്മ സഭയുടെ പ്രവർത്തനം ആരംഭിക്കുകയും ഒരു സുവിശേഷ പ്രവർത്തകനെ നിയമിച്ചാക്കിയെങ്കിലും ഫലമൊന്നും കണ്ടെത്താനായില്ല. ശാബത് മിഷൻ പ്രവർത്തകർക്കും അങ്കമാലിയിൽ മെച്ചമുണ്ടാക്കുവാൻ സാധിച്ചില്ല. ഇവരെല്ലാം നിരാശയോടെ അങ്കമാലിയെ വിട്ടകന്നു. 'ഒരു കടുത്ത വയൽ' എന്നവർ മറുപേരും നല്കി.

**ഉല്പത്തിയിലെ ആദ്യ അദ്ധ്യായം തുറക്കുന്നു**

മിഷനറി വി. നാഗലിന്റെ സഹപ്രവർത്തകരായ പാവു ആശാൻ, ലോനപ്പൻ ഉപദേശി, കുര്യനാശാൻ, ഇട്ടൂപ്പ് ഉപദേശി എന്നിവർ 1904 ൽ കൃപയുടെ സുവിശേഷ സന്ദേശവുമായി അങ്കമാലിയിൽ എത്തി. ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിലാണ് കുന്ദംകുളം സ്വദേശികളായ ഇവർ അങ്കമാലിയിൽ എത്തുന്നത്. ചന്തയുടെ ഒഴിഞ്ഞ കോണിൽ നിന്ന് ഇവർ സുവിശേഷം പ്രസംഗിക്കും, ട്രാക്റ്റ് വിതരണം നടത്തും വൈകുന്നേരം മടങ്ങിപോകും.

ആ നാളുകളിൽ ജോൺ ഈശോ എന്നു പേരുള്ള സഞ്ചാരപ്രസംഗിയും അങ്കമാലിയിൽ വരും. ഈശോയുടെ പക്കൽ ഒരു വലിയ കൊടി ഉണ്ടായിരിക്കും. 'സുവിശേഷകൊടി എന്നാണ് അദ്ദേഹം അതിന് പേരിട്ടിരുന്നത്. സുവിശേഷകൊടി സൗകര്യപ്പെടുന്ന സ്ഥലത്ത് നാട്ടും. എന്നിട്ട് ചില സംഗീത ഉപകരണങ്ങളുടെ സഹായത്തോടെ താൻ സ്വന്തമായി ചിട്ടപ്പെടുത്തിയ ചില പാട്ടുകൾ പാടും. ശ്രുതിയും, താളവും ഒത്തുചേരുന്ന അദ്ദേഹത്തിന്റെ ഗാനങ്ങൾ കേൾക്കുവാൻ കേൾവിക്കാർ ഓടിക്കൂടുമായിരുന്നു. തുടർന്ന് ലളിതമായ ഭാഷയിൽ കുരിശിന്റെ സന്ദേശം പ്രസംഗിക്കുവാൻ തുടങ്ങും. എന്നാൽ ജോൺ ഈശോയുടെ പ്രസംഗങ്ങൾ യാഥാസ്ഥിതികരായ കേൾവിക്കാരിൽ യാതൊരു ചലനവും സൃഷ്ടിച്ചില്ല.

**പാത ഒരുക്കുന്നു**

ആയിരത്തിതൊള്ളായിരത്തി ഒൻപതാം ആണ്ടിൽ ഇംഗ്ലണ്ടുകാരനായ മിഷനറി എ.വി. തൈൻ അങ്കമാലിയെ തന്റെ പ്രേഷിത പ്രദേശമായി തെരഞ്ഞെടുത്തു. റെയിൽവേ സ്റ്റേഷനോടു ചേർന്ന് സ്ഥലംവാങ്ങി. തനിക്ക് താമസിക്കുവാൻ ബംഗ്ലാവും യോഗങ്ങൾ നടത്തുവാൻ ഒരു ഷെഡും പണിതീർന്നതോടെ ക്രമീകൃത രീതിയിലുള്ള സുവിശേഷ പ്രവർത്തനത്തിന് അങ്കമാലിയിൽ ആരംഭമായി. ഈ ശ്രമങ്ങളുടെ പുറകിൽ പറവൂർ എ.വി. ചാക്കോ ഉപദേശി മിഷനറിക്ക് കൈതാങ്ങായിരുന്നു.

യേശുവിന്റെ 'നസറേത്ത് മാനിഫെസ്റ്റോ' എന്ന് എഴുത്തുകാർ വിശേഷിപ്പിക്കുന്ന 'ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തു" (ലൂക്കോ. 4:18). ഈ ഭാഗം മിഷനറി തൈനെ ഏറെ സ്വാധീനിച്ചിരുന്നു. സാധുക്കളായ, സവർണ്ണമേധാവിത്വത്തിൻ കീഴിലമർന്നിരുന്ന അവർണ്ണ വിഭാഗത്തിനരികിൽ സുവിശേഷം അറിയിക്കുവാനായിരുന്നു മിഷനറിക്ക് ഏറെ താല്പര്യം.

മിഷനറി പ്രവർത്തനം ആരംഭിച്ച് അധികം ചെല്ലുന്നതിനകം ഇംഗ്ലണ്ടിൽ നിന്ന് മറ്റൊരു മിഷനറിയും അങ്കമാലിയിലെത്തി. എന്നാൽ അദ്ദേഹത്തിന്റെ പേര് ആർക്കും തന്നെ ഓർമ്മയില്ല. 'കൊച്ച്സായിപ്പ്' എന്നാണ് ജനങ്ങൾ വിളിച്ചിരുന്നത് വൈദ്യശാസ്ത്ര പഠനങ്ങൾ പരിശീലിച്ച മിഷനറിയായിരുന്നു കൊച്ചു സായിപ്പ്. അക്കാലത്ത് ഇംഗ്ലണ്ടിൽ നിന്ന് മിഷ്യൻ പ്രവർത്തനത്തിന് പോകന്നവർക്ക് വിദ്യാഭ്യാസ മേഖലയിലോ വൈദ്യശാസ്ത്ര മേഖലയിലോ പരിശീലനങ്ങൾ നല്കുന്ന സംവിധാനം ഉണ്ടായിരുന്നു.

തൈൻ മിഷനറിയും കൊച്ച് സായിപ്പും ജനഹൃദയങ്ങളെ കീഴടക്കി. ഇതോടെ ആത്മാവിനും ശരീരത്തിനും സൗജന്യമായ ചികിത്സ അങ്കമാലിയിൽ ആരംഭിച്ചു. ഇവരുടെ സഹായത്തിനായി അബ്രഹാം നമ്പി എന്ന സുവിശേഷ പ്രവർത്തകനും ഉണ്ടായിരുന്നു. മിഷനറിമാരുടെ പ്രസംഗം മലയാള ഭാഷയിൽ വിവർത്തനം ചെയ്യുക അവരെ അക്ഷരം പഠിപ്പിക്കുക എന്നീ ചുമതലകളും സുവിശേഷ പ്രവർത്തനത്തിനു പുറമെ അബ്രഹാം നമ്പി ചെയ്ത് തീർക്കേണ്ടിയിരുന്നു.

മിഷനറിമാർ താമസിക്കുന്ന ബംഗ്ലാവിനോട് ചേർന്ന് പുലയ വിഭാഗക്കാർ തിങ്ങിപാർത്തുവന്നു. ഇവരിലധികവും സവർണ്ണ ഹിന്ദുക്കളുടെ കീഴ്ജോലിക്കാരാണ്. സ്വന്തമായ വ്യക്തിത്വം പോലും ഇവർക്ക് ഉണ്ടായിരുന്നില്ല എന്നു വേണമെങ്കിൽ പറയാം. സ്വന്തഭൂമിയിൽ കൃഷിചെയ്താൽ ഫലം അനുഭവിക്കുവാൻ ഇവരിൽ പലർക്കും സാധിച്ചിരുന്നില്ല. അഥവ കൃഷിഫലവുമായി ചന്തയിൽ ചെന്നാൽ ചന്തക്കുള്ളിൽ പ്രവേശിക്കുവാൻ അനുവാദമില്ല. അത് മൂലം ഇടനിലക്കാർ വഴിയാണ് ക്രയവിക്രയം ഇവർ നടത്തിവന്നത്. ഇടനിലക്കാർ ഇവരെ പരമാവധി ചൂഷണത്തിന് വിധേയരാക്കിയിരുന്നു. നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും നഗ്നതമറയ്ക്കുവാൻ തുണിത്തരങ്ങൾ വാങ്ങുന്നതിന് പോലും ഇവർ കഷ്ടപ്പെട്ടു. "മലയപുലയനും, വാഴക്കുലയും, തമ്പ്രാനും, കാര്യസ്ഥനും അങ്കമാലിയിൽ ധാരാളമായി ഉണ്ടായിരുന്നു എന്ന് പറയാം. ഈ അവസ്ഥ മിഷനറിമാരെ അസ്വസ്ഥരാക്കി. പെട്ടെന്ന് മാറ്റുവാൻ കഴിയുന്ന ആചാരമല്ലെന്ന് അറിയാമായിരുന്നിട്ടും മിഷനറി തൈൻ തന്റെ സ്വാധീനം പരമാവധി ഈ ആചാരത്തിന് എതിരായി ഉപയോഗിച്ചു. അനേകവട്ടം എഴുത്തുകുത്തുകൾ സർക്കാർ തലത്തിലേക്ക് നടത്തി. ഒരിക്കൽ അദ്ദേഹം പുലയരെ നിർബന്ധപൂർവ്വം ചന്തയിലേക്ക് കൂട്ടിക്കൊണ്ട് പോവുകയും ചെയ്തു. അവരുടെ സാധനങ്ങൾ വില്ക്കുന്നതിന് അവസരം ഉണ്ടാക്കി. സവർണ്ണ ഹിന്ദുക്കളുടെ പ്രതിഷേധം വകവയ്ക്കുവാൻ മിഷനറി തൈൻ തയ്യാറായിരുന്നില്ല. സഹോദരൻ അയ്യപ്പൻ, ടി.കെ. മാധവൻ, എ.കെ.ജി., പി.കൃഷ്ണപിള്ള, കേളപ്പൻ, കേരളീയൻ തുടങ്ങിയ നേതാക്കൻമാരുടെ നേതൃത്വത്തിൽ 'മിശ്രഭോജനമെന്ന വിപ്ലവം' (1917) വൈക്കം സത്യാഗ്രഹം (1924) ഗുരുവായൂർ സത്യാഗ്രഹം തുടങ്ങി ദേശിയ ശ്രദ്ധയാകർഷിച്ച അവർണ്ണമുന്നേറ്റ സംഭവങ്ങൾക്ക് മുമ്പാണ് മിഷനറി തൈൻ അവർണ്ണർക്കുവേണ്ടി ശബ്ദിക്കുവാൻ അങ്കമാലിയിൽ തയ്യാറായത്.

മിഷനറിമാർ പുലയഭവനങ്ങളിൽ സുവിശേഷവുമായി കയറിയിറങ്ങി. പലഭവനങ്ങളിലും കസേരയോ പായയോ ഉണ്ടായിരുന്നില്ല. അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാനും വേദനകളിൽ പങ്ചേരുന്നതിനും കണ്ണുനീർ ഒപ്പുന്നതിനും യേശുവിന്റെ നസറേത്ത് മാനിഫെസ്റ്റോ അവരെ നിർബന്ധിച്ചു. സൗജന്യ വൈദ്യസഹായവും നല്കിവന്നു. ബംഗ്ലാവിനോട് ചേർന്ന ഷെഡിൽ രാത്രിയോഗങ്ങൾ ആരംഭിച്ചു. പലരും യോഗങ്ങൾക്ക് പതിവായി വരുവാൻ തുടങ്ങി.

**മത്തായി സന്യാസി എത്തുന്നു.**

മിഷനറിമാരുടെ ദർശനം അനേകരുടെ മനസ്സുകളെ തണുപ്പിച്ചു. സ്നേഹത്തിന്റെ ശരിയർത്ഥം അവർക്ക് തിരിച്ചറിവാനായി. മിഷനറിമാരുടെ സാമിപ്യത്തിൽ ആശ്വാസം കണ്ടെത്തുന്നവരുടെ എണ്ണം പെരുകികൊണ്ടിരുന്നു. അപ്പോൾ തന്നെ മിഷനറി തൈൻ അനേകരുടെ അപ്രീതിക്ക് കാരണവുമായി. മിഷനറിമാർക്ക് ലഭിക്കുന്ന ജനശ്രദ്ധയും മിഷനറി അനുഭാവികളുടെ വളർച്ചയും മതനേതൃത്വത്തേയും അലോസരപ്പെടുത്തി. ഇതിനൊരു പരിഹാരമാർഗ്ഗം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് അവർക്ക് ബോധ്യപ്പെട്ടു.

മിഷനറിമാരുടെ പ്രവർത്തനങ്ങളെ തല്ലിക്കെടുത്തുവാൻ മത്തായി സന്യാസി എന്ന ഒരു ദീർഘ

കായന്റെ സഹായം അവർ തേടി. മിഷനറിമാരുടെ പരസ്യയോഗങ്ങൾ അലങ്കോലപ്പെടുത്തുക ഇതായിരുന്നു അവർ സന്യാസിക്ക് നല്കിയ നിയോഗം. മിഷനറി തൈൻ താമസിക്കുന്ന ബംഗ്ലാവിനോട് ചേർന്ന് ചെറിയ മതിലിൽ കയറി മത്തായി സന്യാസി പ്രസംഗം ആരംഭിച്ചു. അങ്ങാടിയിലും ചന്തയിലും മിനക്കെട്ട് നടക്കുന്ന ആളുകളെ കൂട്ടിക്കൊണ്ടുവന്നാണ് സന്യാസി പ്രസംഗം നടത്തിവന്നത്.

മിഷനറി തൈൻ അങ്കമാലിയിൽ സൺഡേസ്കൂൾ തുടങ്ങുവാൻ തീരുമാനിച്ചു. ഒരു ചരിത്ര നിയോഗമായിരുന്നു. 1910-ാം ആണ്ട് അങ്കമാലിയിലെ ബ്രദറൺ സഭയുടെ ജന്മവർഷമായി കണക്കാക്കാം. വചനം പഠിക്കണമെന്ന ആർത്തിയോടെ നിരവധി വിദ്യാർത്ഥികൾ അവിടെ എത്തിച്ചേർന്നു. ഇ.പി. പൗലോ എന്ന വിദ്യാർത്ഥി യേശുവിനെ രക്ഷകനായി സ്വീകരിച്ച് അങ്കമാലിയിലെ ആദ്യഫലമായി മാറി. ആരംഭ വർഷത്തിലെ വിദ്യാർത്ഥികൾ എല്ലാവരും വിശ്വാസാനുഭവത്തിൽ വന്നു എന്നുള്ളത് ശ്രദ്ധേയമാണ്. സുവിശേഷ പ്രവർത്തനത്തിനായി വളരെ ത്യാഗം സഹിച്ച മിഷനറി തൈന് സഭാരൂപീകരണം എന്ന ലക്ഷ്യം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന് ഇംഗ്ലണ്ടിലേക്ക് മടങ്ങേണ്ടിവന്നു. എന്നാൽ ഇതിനകം സ്നാപക യോഹന്നാന്റെ ശുശ്രൂഷ അദ്ദേഹം നിറവേറ്റിയിരുന്നു. തൈൻ പോകുന്നതിന് മുമ്പ് കൊച്ചുസായിപ്പും മടങ്ങിപ്പോയി. തിരികെവരാം എന്ന് ഉറപ്പ് നല്കി പ്രവർത്തനത്തിന്റെ ചുമതല അബ്രഹാം നമ്പിയെ ഏല്പിച്ചിട്ടാണ് തൈൻ ഇംഗ്ലണ്ടിലേക്ക് പോയതെങ്കിലും തനിക്ക് തിരിച്ചുവരുവാൻ സാധിച്ചില്ല. മിഷനറി തൈൻ ഇ.പി. പൗലോസുമായി എഴുത്തുകളിലൂടെ ബന്ധം നിലനിർത്തി. മിഷനറി തൈൻ വരുന്നില്ലെന്ന് ഉറപ്പായ സാഹചര്യത്തിൽ തന്നെ അബ്രഹാം നമ്പിയും തിരികെ പോയി. എന്നാൽ ഇവിടെ ദൈവത്തിന് മറ്റ് ചില പദ്ധതികൾ ഉണ്ടായിരുന്നു. അവിടുന്ന് ടി.ഡി. ലോനപ്പൻ ഉപദേശിയെ അങ്കമാലിയിലേക്ക് പറഞ്ഞുവിട്ടു. 1913 ഫെബ്രുവരി 26-ാം തീയതി അങ്കമാലിയിൽ താമസം ആരംഭിച്ചു. പറവൂരിൽ ഉണ്ടായിരുന്ന പോൾ ഇട്ടി, ഇ.ഐ. ജേക്കബ് എന്നിവർ അങ്കമാലിയിൽ വന്ന് ലോനപ്പൻ ഉപദേശിയോടൊത്ത് പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും തടങ്ങി.

വിദേശമിഷനറിമാരെ അങ്കമാലിക്കാർ തെല്ല് ഭയത്തോടെയാണ് കണ്ടിരുന്നത്. എന്നാൽ സ്വദേശിയായ ലോനപ്പൻ ഉപദേശിയെ നേരെ തിരിച്ചും കാണുവാൻ തുടങ്ങി. മിഷനറിയോട് ഉണ്ടായ വാശി ഉപദേശിയിൽ തീർക്കുവാൻ അവർ കണക്കുകൂട്ടി. മിഷനറിമാർ ഉഴുതുമറിച്ച് വിത്ത് പാകിയ മണ്ണിൽ ഉപദേശികറ്റകൊയ്യാൻ തുടങ്ങി 1914 മാർച്ച് 15-ാം തീയതി കുറുമ്പനും മിഷനറി വി. നാഗലിന്റെ മകനും വിശ്വാസ സ്നാനമേല്ക്കുവാൻ തയ്യാറായി. അങ്കമാലി തീവണ്ടി പാലത്തിന് സമീപം നടന്ന സ്നാന ശുശ്രൂഷയിലെ സ്നാപകൻ മിഷനറി വി. നാഗലായിരുന്നു. ബഹളങ്ങളുടെയും പരിഹാസത്തിന്റെയും അകമ്പടിയോടെയാണ് ആദ്യ സ്നാനം നടന്നത്. സ്നാന ശുശ്രൂഷയിൽ സാക്ഷികളാകുവാനും സഹോദരന്മാരെ ധൈര്യപ്പെടുത്തുവാനും തെക്ക് നിന്ന് ചില സഹോദരന്മാർ എത്തിച്ചേർന്നിരുന്നു. സ്നാനത്തോടെ കുറുമ്പൻ അബ്രഹാമായി മാറ്റപ്പെട്ടു.

തുടർന്ന് 1917 ൽ ഇ.പി. വർഗ്ഗീസ്, 1918 ൽ ഇ.പി. പൈലി, ടി.പി. ജോസഫ്, ഇ.പി. വർക്കി, എ.പി. പൈലി. എ.വി. വാറു, ടി.എ. പൗലോസ് , എം.കെ. വർഗ്ഗീസ് , ഇ.പി. ചാക്കപ്പൻ എന്നിവരും തുടർന്ന് ഏറെ ചെല്ലുന്നന്നതിനകം പി.ജി. കുരിയൻ, കെ.കെ. വേലായുധൻ, ടി.പി. ഇട്ടൂപ്പ് അരീക്കൽ, എ.വി. വർക്കി (കൊച്ചുവർക്കി) എന്നിവരും സ്നാനം സ്വീകരിച്ചു. ഇവരിലധികം കത്തോലിക്ക യാക്കോബായ സഭകളിൽ വിശ്വാസികളായിരുന്നവരാണ്.

കൂടാതെ ഉയർന്നതും താണതുമെന്ന് സമൂഹം വേലി തിരിച്ചിരുന്ന മത വിഭാഗങ്ങളിൽ നിന്നും അനേകർ യേശുക്രിസ്തുവിലൊന്നായി. അപ്പമൊന്നിനവകാശികളായി ഒരപ്പന്റെ മക്കളുമായി സഭയിലേക്ക് വന്നു.


**അങ്കമാലിയിൽ ബ്രദറൺ പ്രസ്ഥാനം ഇന്ന്**

ഇന്ന് ഏകദേശം 500 ൽ അധികം വിശ്വാസികൾ നാല് സഭാഹാളിലായി (അങ്കമാലി പടിഞ്ഞാറെ സഭ, അങ്കമാലി കിഴക്കേ സഭ, ടൗൺ സഭ, ഇമ്മാനുവേൽ സഭ) കർത്താവിനെ ആരാധിക്കുന്നു. പരസ്പരം കൈകോർത്ത് ആത്മീയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സഹോദരന്മാരായ ഇ.ജെ. പൈലി, പി.പി. ജോർജ്ജ്, വി.സി. വർക്കി, ഇ.വി. തോമസ്, ഇ.പി. സാമുവേൽ, ഇ.എം. ബേബി, എ.വി. യാക്കോബ്, കെ.കെ. തോമസ്, പി.പി. കുരുവിള, പി.വി. കുഞ്ഞുകുഞ്ഞ്, കെ.എം. പൗലോസ്, വി.എം. തോമസ്, ജോയ് ജേക്കബ് എന്നിവരാണ് ഇന്ന് അങ്കമാലി സഭകളുടെ മുഖ്യധാരയിൽ നിൽക്കുന്നവർ.



**ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, അങ്കമാലി (പടിഞ്ഞാറ്)**



**ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, അങ്കമാലി (കിഴക്ക്)**





**ബ്രദറൺ അസംബ്ലി, അങ്കമാലി (ടൗൺ)**




**ബ്രദറൺ അസംബ്ലി, ഇമ്മാനുവേൽ, അങ്കമാലി**

# കുട്ടികളുടെ സ്വന്തം ബാബു അങ്കിൾ



**1. കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിന്റെ തുടക്കം.**

സൺണ്ടേസ്കൂൾ പഠനത്തിന് ശേഷം ഉടനെതന്നെ അധ്യാപകനാകുവാനുള്ള അവസരം എനിക്കുണ്ടായി. ഈ അടുപ്പം കുട്ടികളുടെ സുവിശേഷകനായി മാറ്റിഎന്നു പറയാം. കർണ്ണാടകയിലെ ഷിമോഗയിലായിരുന്നു എന്റെ ഉപരിപഠനം. അവിടെ സൺണ്ടേസ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും ദൈവം എന്നെ ഉപയോഗപ്പെടുത്തി.

**2. കുട്ടികളുടെ ഇടയിലെ സുവിശേഷവേലക്ക് വേർതിയുവാനിടയായ പ്രത്യേക സാഹചര്യം.**

1985 മുതൽ സുവിശേഷവേലക്കായുള്ള ദാഹം എന്റെ മനസ്സിൽ ഉണ്ടായിരുന്നു. എന്നാൽ ഒരു വ്യക്തതയിൽ എത്തിച്ചേർന്നിരുന്നില്ല എന്ന് മാത്രം. ബിസിനസ്സിനോടനുബന്ധിച്ച് 1991 ൽ താമസം ചാലക്കുടിയിലേക്കുമാറ്റി. 1998 ഏപ്രിൽ മാസത്തിൽ വി.ബി.എസ്. ചാലക്കുടിയിൽ ക്രമീകരിച്ചു. 130 കുട്ടികൾ അതിൽ പങ്കെടുത്തു. മറ്റ് സമുദായങ്ങളിൽ നിന്ന് വന്ന കുട്ടികളായിരുന്നു അതിലേറെയും. വി.ബി.എസ്. ന്റെ രണ്ടാം ദിവസം എന്റെ ക്ലാസ്സിൽ പങ്കെടുത്ത ചില കുട്ടികളെ ഞാൻ എന്റെ വാഹനത്തിൽ അവരുടെ വീടുകളിൽ എത്തിച്ചു. അന്ന് വൈകിട്ട് ഒരു ദുഃഖവാർത്ത കേട്ട് ഞാൻ ഞെട്ടി. അതിൽ ഒരു പെൺകുട്ടി പാമ്പ്കടിയേറ്റ് മരിച്ചിരിക്കുന്നു. ഈ സംഭവം എന്നെ വളരെയേറെ ചിന്തിപ്പിച്ചു.

**3. പപ്പറ്റ് ഷോയുടെ വക്താവ് എന്ന പേരിലാണല്ലോ ബാബുസാർ അറിയപ്പെടുന്നത്.**

കുട്ടികളുടെ ഇടയിലെ പ്രവർത്തകനായി തീരുമാനമെടുത്ത ആദ്യനാളിൽ തന്നെ പാപ്പറ്റ് ഷോ അഭ്യസിക്കണം എന്നാഗ്രഹമുണ്ടായി. അതിനായി ഒരുപാട് ശ്രമവും നടത്തി. പലരോടും സഹായം അഭ്യർത്ഥിച്ചു. എന്നാൽ അതൊന്നും വിജയിച്ചില്ല. ഒരു ദിവസം രാത്രി ഞാൻ സ്വയമായി കണ്ണാടിയുടെ മുമ്പിൽ നിന്ന് ചെയ്ത്നോക്കി. അപ്പോഴാണ് അതെനിക്ക് വഴങ്ങും എന്ന് ബോധ്യപ്പെട്ടത്. തുടർന്ന് ഏകദേശം ആറുമാസത്തെ കഠിനശ്രമം കൊണ്ടാണ് അഭ്യസിച്ചെടുത്തത്.

**4. പപ്പറ്റ് ഇല്ലാതെ പപ്പറ്റ്ഷോ നടത്തിയതായി കേട്ടിട്ടുണ്ടല്ലോ.**

ആരംഭത്തിൽ എനിക്ക് സ്വന്തമായി പപ്പറ്റ് ഇല്ലായിരുന്നു. സോക്സ് കയ്യിലിട്ടായിരുന്നു പരിപാടികൾ നടത്തിവന്നത്. ചില നാളുകൾ കഴിഞ്ഞപ്പോൾ സോക്സുമായി പോകുവാൻ മടിതോന്നി. ഈ കാലത്തായിരുന്നു പപ്പറ്റ് ഇല്ലാതെ പപ്പറ്റ് ഷോ നടത്തുവാൻ തയ്യാറായത്. ഒരു വലിയ ബാഗുമായി പരിപാടിക്ക്പോകും കുട്ടികൾ കാൺകെ ബാഗ് മേശയുടെ മുകളിൽ വയ്ക്കും പപ്പറ്റ് ബാഗിൽ നിന്ന് പുറത്തിറക്കുകയില്ല. ഒടുവിൽ ബാഗിൽ ഇരുന്ന് സംസാരിക്കാം എന്ന് പപ്പറ്റ് ഉറപ്പു തരും പപ്പറ്റിന്റെ ഉറപ്പിന്മേൽ ഷോ തുടരും.

**5. കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളോട് സഭകൾ പ്രകടിപ്പിക്കുന്ന സമീപനം എപ്രകാരമാണ്.**

600 നും 700 നും ഇടയിൽ ബ്രദറൺ സഭകൾ കേരളത്തിൽ ഉണ്ടെങ്കിലും ഇവയിൽ കുട്ടികളുടെ ഇടയിലെ സുവിശേഷ വത്കരണത്തിന് പ്രാധാന്യം നല്കുന്ന സഭകൾ നാലിലൊന്നോളം വരികയില്ല. ബഹുഭൂരിപക്ഷം സഭകളും സൺഡേസ്കൂളും വാർഷികവും മാത്രമായി കഴിയുകയാണ്.

**6. ഇപ്പോൾ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത്.**

കുട്ടികളുടെ ഇടയിൽ സഭാവ്യത്യാസമെന്യേ പ്രവർത്തിക്കുന്ന തിമോത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനങ്ങൾ തയ്യാറാക്കുന്ന ശുശ്രൂഷ വർഷങ്ങളായി ചെയ്തുവരുന്നു. കൂടാതെ കുട്ടികൾക്കായുള്ള ബൈബിൾ പാഠങ്ങൾ അടങ്ങിയ ബൈബിൾ ടൈമിന്റെ പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നു.

**7. ബൈബിൾ ടൈം പ്രവർത്തനങ്ങളെ കുറച്ചുകൂടി വ്യക്തമാക്കാമോ.**

ഇത് ഒരു ബൈബിൾ പഠന പദ്ധതിയാണ്. ബൈബിളിനെ പറ്റിയും, ബൈബിളിലെ സംഭവങ്ങളെ സംബന്ധിച്ചും യേശുക്രിസ്തുവിനെക്കുറിച്ചും പ്രതിപാദിക്കുന്നു. ഒരു മാസത്തേക്ക് നാല് പാഠങ്ങൾ അടങ്ങുന്ന ഒരു പാഠപുസ്തകം എന്ന നിലയിൽ പന്ത്രണ്ട് വർഷം തുടർച്ചയായി പഠിക്കാവുന്ന വിധം രൂപപ്പെടുത്തിയിരിക്കുന്നു അഞ്ച് വയസ്സ് മുതൽ പതിനേഴ് വയസ്സ് വരെയുള്ളവർക്ക് ബൈബിൾ ടൈം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരണങ്ങൾ അറിയുന്നതിന് ജി 4 സി, അങ്കമാലി – 683 572 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# ജനറൽ ഗോസ്പൽ ഫണ്ട് അങ്കമാലി



ഫിലിപ്പ് വർഗീസ്
സെക്രട്ടറി, GGF

1. എന്നുമുതലാണ് ജി.ജി.എഫ്. പ്രവർത്തനവുമായി സഹകരിച്ചത്.

ഗൾഫിലുണ്ടായിരുന്ന ജോലി അവസാനിപ്പിച്ച് 1999 ൽ ഞാൻ അങ്കമാലിയിൽ മടങ്ങി എത്തി. അന്നത്തെ സെക്രട്ടറി ഇ. പി. തരിയന്റെ പ്രോത്സാഹനമാണ് എന്നെ ഈ പ്രവർത്തനത്തോട് അടുപ്പിച്ചത്. അക്കാലത്തെ ഫണ്ടിന്റെ പ്രവർത്തനം വളരെ പരിമിതമായ അളവിലായിരുന്നു. 2000 ൽ ചേർന്ന പൊതുയോഗം എന്നെ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

2. കഴിഞ്ഞവർഷത്തെ പ്രവർത്തന അവലോകനം

ഞാൻ ചുമതലയേറ്റവർഷം നാല് ലക്ഷത്തിൽ താഴെയായിരുന്നു വാർഷിക വരുമാനം. എന്നാൽ പിന്നീടുള്ള വർഷങ്ങൾ വരുമാനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായി. ദൈവം അതിനുള്ള അവസരങ്ങൾ ഒരുക്കിതന്നു. മുൻവർഷത്തെ നീക്കിയിരിപ്പ് ഉൾപ്പെടെ കഴിഞ്ഞ വർഷത്തെ വാർഷിക വരുമാനം 682773 രൂപയായിരുന്നു. ഇതിൽ 319935 രൂപ സുവിശേഷ പ്രവർത്തകർക്ക് നൽകി.

3. എത്ര സുവിശേഷകന്മാർക്കാണ് സാമ്പത്തികസഹായം നല്കുന്നത്.

കേരളത്തിന് അകത്തുംപുറത്തും പ്രവർത്തിക്കുന്ന 283 സുവിശേഷകന്മാർക്ക് വർഷത്തിൽ നാല് പ്രാവശ്യം വീതം സാമ്പത്തിക സഹായം നല്കുന്നു.

4. ഏതെങ്കിലും മറ്റ് ആവശ്യങ്ങൾക്കായി പണം ചിലവഴിച്ചിരുന്നോ

സഭാഹാൾ നിർമ്മാണത്തിന് 3,78,750 രൂപയും ഭവനനിർമ്മാണത്തിനായി 55,000 രൂപയും, വിവിധ ക്യാമ്പയിന് 259800 രൂപയും, ചികിത്സാസഹായത്തിന് 63,700 രൂപയും, സാമ്പത്തിക പ്രതിസന്ധിയുള്ളവർക്ക് 1,40,050 രൂപയും നല്കി.

5. പുതിയപ്രവർത്തകരെ ഫണ്ടിൽ ചേർക്കുന്ന മാനദണ്ഡം

ഓരോ വർഷത്തിലും ശരാശരി 30-40 സുവിശേഷകന്മാരുടെ കമന്റേഷൻ കത്ത് ഫണ്ടിന് ലഭിക്കുന്നുണ്ട്. ഫണ്ടിന് ലഭിക്കുന്ന തുകയിൽ ഭൂരിഭാഗവും നിർദ്ദിഷ്ടദാനങ്ങളാകയാൽ എല്ലാ കത്തുകളും പരിഗണിക്കുവാൻ സാധിക്കുന്നില്ല. സഭയിലും സമൂഹത്തിലും നല്ല സാക്ഷ്യം പുലർത്തുന്നുണ്ടെന്ന് പൂർണ്ണ ബോധ്യമുള്ള 10 നും 15 നും ഇടയിൽ പ്രായമുള്ള പ്രവർത്തകരെ മാത്രമെ വർഷം തോറും ഫണ്ടിൽ ഉൾപ്പെടുത്തുന്നൊള്ളു.

6. വിദേശമലയാളികളുടെ സഹകരണം

ജനറൽ ഗോസ്പൽ ഫണ്ട് തനി സ്വദേശി ഫണ്ടാണ്. വിദേശ രാജ്യങ്ങളിലെ മലയാളികളായ വിശ്വാസികളുടെ സഹായം മാത്രമെ ഫണ്ടിന് ലഭിക്കുന്നുള്ളു. എന്നാൽ ഈ കാലങ്ങളിൽ വിദേശരാജ്യങ്ങളിൽ നിന്ന് വരുന്ന തുകയിൽ അധികപങ്കും അവർ നിർദ്ദേശിക്കുന്നവർക്കാണ് നല്കുന്നത്. അതിനാൽ ഫണ്ടിന്റെ പ്രവർത്തനങ്ങൾക്ക് അല്പം പരിമിതി ചില ഘട്ടങ്ങളിൽ ഉണ്ടാകുന്നുണ്ട് എന്ന് പറയാതിരിക്കാനാവില്ല. ഈ കഴിഞ്ഞ ദിവസം വിദേശത്തുള്ള ഒരു സഭ 5 ലക്ഷം രൂപ അയച്ചു, എന്നാൽ അതിൽ 30,000 മാത്രമെ ഫണ്ടിന്റെ ആവശ്യത്തിന് ആനുവദിച്ചിരുന്നുള്ളു. ബാക്കിതുക മുഴുവൻ നിർദ്ദിഷ്ട ദാനമായി അവർ നിർദ്ദേശിക്കുന്നവർക്ക് നല്കേണ്ടിവന്നു.

7. മുടക്കം കൂടാതെ സാമ്പത്തിക സഹായം സുവിശേഷകന്മാർക്ക് നല്കുന്നല്ലോ.


ദൈവത്തിന്റെ കൃപയാൽ അതിന് സാധിക്കുന്നു എന്നേ പറയാനാവുന്നുള്ളു. 3 മാസം കൂടുമ്പോൾ സുവിശേഷകന്മാർക്ക് ജി.ജി.എഫ്. സഹായം എത്തിയിരിക്കും.

8. കേരളത്തിലെ ബ്രദറൺസഭയുടെ സഹകരണം എപ്രകാരം.

കഴിഞ്ഞവർഷം 19 സഭകളിൽ നിന്നായി ഏകദേശം 70000 രൂപ മാത്രമേ കേരളത്തിൽ നിന്ന് ലഭിച്ചിരുന്നുള്ളൂ.

9. സുവിശേഷ വേലക്കാരോട് എന്തെങ്കിലും നിർദ്ദേശം.

ഈ പ്രവർത്തനത്തെ നിരന്തരം പ്രാർത്ഥനയിലോർക്കുക. ഒരു ചെറിയ സംഖ്യയെങ്കിലും നിങ്ങളുടെ സഭയിൽ നിന്ന് ഫണ്ടിലേക്ക് അയക്കുവാൻ ഉത്സാഹിപ്പിക്കുക.



**അങ്കമാലി ബ്രദറൺ സഭാ സണ്ടേസ്കൂൾ ശതാബ്ദി സ്മരണിക പ്രകാശനം**

അങ്കമാലിയിലെ സണ്ടേസ്കൂൾ വിദ്യാഭ്യാസം നൂറ് വർഷം പിന്നിട്ടു. 1910ൽ മിഷനറി എ.വി.തൈൻ ആരംഭിച്ച ഈ പ്രവർത്തനമായിരുന്നു ബ്രദറൺ സഭാ രൂപീകരണത്തിന്റെ അടിത്തറപാകിയത്. മിഷനറി എ.വി. തൈൻ, മിഷനറി വി. നാഗലിന്റെ ഭാര്യ ഹാരിയറ്റ് മിച്ചൽ, മിച്ചൽ മിസ്സി എന്നിവരുടെ പേരുകൾ നന്ദിയോടെയാണ് അങ്കമാലിയിലെ വിശ്വാസസമൂഹം സ്മരിക്കുന്നത്. സണ്ടേസ്കൂൾ പ്രവർത്തനത്തിന് ഇവർ നല്കിയ സംഭാവന വില മതിക്കാനാവാത്തതാകുന്നു. അങ്കമാലിയിലെ നാല് ബ്രദറൺ സഭകളും സണ്ടേസ്കൂൾ പ്രവർത്തനത്തിന് അർഹിച്ച പ്രാധാന്യം നല്കുന്നുണ്ട്. 2010 സണ്ടേസ്കൂൾ പ്രവർത്തനത്തിന്റെ ശതാബ്ദി വർഷമായിരുന്നു. 23.01.2011 ഞായറാഴ്ച സംയുക്ത സണ്ടേസ്കൂൾ വാർഷികം അങ്കമാലി ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ചിൽ (പടിഞ്ഞാറ്) വച്ച് നടന്നു.

ജോർജ് കോശി (മൈലപ്ര), ജോയ് ജോൺ (ബാംഗ്ലൂർ), ബാബു തോമസ് (അങ്കമാലി) എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. സണ്ടേസ്കൂൾ അദ്ധ്യാപന രംഗത്ത് 53 വർഷം പിന്നിട്ട ഡോ. പി.പി. ജോർജ്ജിന് പ്രത്യേക പുരസ്കാരം നല്കി ആദരിച്ചു.

അങ്കമാലി സണ്ടേസ്കൂൾ ശതാബ്ദിയോട് അനുബന്ധിച്ച് ബ്രദറൺ എക്കോ പ്രസിദ്ധീകരിച്ച 'ഡിഡാസ്കലിയ' ശതാബ്ദി സ്മരണികയുടെ പ്രകാശനവും ദൈവജനം ആവേശത്തോടെയാണ് ഏറ്റുവാങ്ങിയത്. 06.3.2011 ന് അങ്കമാലി ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ച് (പടിഞ്ഞാറ്) നടന്ന സമ്മേളനത്തിൽ ചാണ്ടപ്പിള്ള ഫിലിപ്പിൽ നിന്ന് മുതിർന്ന സഭാംഗമായ എ.വി.വർഗ്ഗീസ് പ്രഥമ പ്രതി ഏറ്റുവാങ്ങി. എബ്രഹാം തോമസ് (കൊച്ചി), സി.റ്റി.ജോണിക്കുട്ടി (എരുമേലി) എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. നൂറ് വർഷത്തെ അങ്കമാലിയിലെ ബ്രദറൺ ചരിത്രം സമഗ്രമായി പ്രതിപാദിക്കുന്നതിന് പുറമെ നിരവധി ഗവേഷണ പ്രബന്ധങ്ങൾ, കുട്ടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലകൾ, ഇവയെല്ലാം ഉൾപ്പെടുന്ന ശതാബ്ദി സ്മരണിക ഒരു റഫറൻസ് ഗ്രന്ഥമായിട്ടാണ് ബ്രദറൺ എക്കോ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

# ബ്രദറൺ എക്കോ – മലയാളത്തിലെ ബ്രദറൺ വിഷയാധിഷ്ഠിത പ്രസിദ്ധീകരണം



എ.ഡി.ജെയിംസ്

1. വിഷയാധിഷ്ഠിത മാസിക എന്നാൽ എന്ത്?

ബ്രദറൺ എക്കോയുടെ പ്രസിദ്ധീകരണം അങ്കമാലിയിൽ നിന്ന് ആരംഭിക്കുമ്പോൾ 25 ൽ അധികം ആനുകാലികങ്ങൾ ബ്രദറൺ സമൂഹത്തിലുണ്ടായിരുന്നു എന്നാൽ അവയെല്ലാം ജനറൽ ആനുകാലികങ്ങളായിരുന്നു. വിവിധതരം ലേഖനങ്ങളും ഫീച്ചറുകളും വാർത്തകളും അടങ്ങുന്നതിനെയാണ് ജനറൽ ആനുകാലികം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഒരു വിഷയത്തിൽ മാത്രം ഒതുങ്ങിനിന്ന് ഓരോലക്കവും പ്രസിദ്ധീകരിക്കുന്നതിനെയാണ് വിഷയാധിഷ്ഠിത ആനുകാലികം എന്നത്കൊണ്ട് അർത്ഥമാക്കുന്നത്.

2. ഇത്തരം ഒരു ആനുകാലിക ചിന്തവരുവാൻ കാരണം?

വിഷയാധിഷ്ഠിത പഠനരീതി ആനുകാലികങ്ങളിൽ കൊണ്ടുവന്നത് കത്തോലിക്കാ സഭയാണ്. (മലയാളത്തിൽ) 1940 മുതൽ ഈ മേഖലയിൽ അവർ ശ്രദ്ധിച്ചുവന്നു. തുടർന്ന് പെന്തകൊസ്ത് ബാപ്റ്റിസ്റ്റ് സഭകളും ഈ അവതരണവുമായി രംഗത്തുവന്നു. നിരവധി വായനക്കാർ ഇത്തരം ആനുകാലികങ്ങൾക്കുണ്ടായി. വിഷയാധിഷ്ഠിത ആനുകാലികങ്ങളുടെ കുറവ് ബ്രദറൺ സമൂഹത്തിൽ നികത്തണം എന്ന ലക്ഷ്യത്തോടെ ജെ.സി. ദേവാണ് ഈ ആശയം മുന്നോട്ടുവച്ചത്.

3. ഇതിനോടകം പുറത്തിറക്കിയ ലക്കങ്ങൾ ഏതെല്ലാമാണ്?

ബ്രദറൺ പ്രസ്ഥാനം, പരിശുദ്ധാത്മവിജ്ഞാനീയം (2 ലക്കങ്ങൾ) വിശ്വാസിയും കഷ്ടതയും, സുവിശേഷവത്കരണം (5 ലക്കങ്ങൾ), യേശുവിന്റെ ജനനം, വളരുന്നതലമുറ (2 ലക്കങ്ങൾ), വാർദ്ധക്യം. വിവാഹം, കുടുംബം (3 ലക്കങ്ങൾ), ജീവിതമൂല്യങ്ങൾ, വിശ്വാസിയും സമ്പത്തും, യഥാർത്ഥ ആത്മീയത, പ്രാർത്ഥന (3ലക്കങ്ങൾ), ബൈബിൾ വിജ്ഞാനിയം (ഭാഗം 1).

4. സുവിശേഷ വത്കരണം അഞ്ച് ലക്കങ്ങളിൽ പുറത്തിറക്കാൻ കാരണം?

സുവിശേഷവത്ക്കരവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും ചർച്ചചെയ്യുന്നതിന് വേണ്ടിയാണ് അഞ്ച് ലക്കങ്ങൾ മാറ്റിവച്ചത്. അഞ്ച് ലക്കങ്ങളിലൂടെ നാല്പത്തി അഞ്ച് പഠനങ്ങൾ അവതരിപ്പിച്ചു. മിഷൻ തിയോളജിയിൽ ശ്രദ്ധിക്കപ്പെടേണ്ട പഠനങ്ങളും ചർച്ചകളും അതിലുണ്ട്.

5. ഇരുപത്തിഅഞ്ചാം ലക്കത്തിന്റെ പ്രത്യേക എന്തായിരുന്നു?

സത്യവേദപുസ്തകത്തിന്റെ ശതാബ്ദിവർഷം (1910 - 2010) പ്രമാണിച്ച് ഒരു വിശേഷ പതിപ്പ് പുറത്തിറക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. അതാണ് ഇരുപത്തിയഞ്ചാം ലക്കത്തിന്റെ പ്രത്യേകത. പ്രൊട്ടസ്റ്റന്റ് മിഷനറിമാർ കേരളത്തിൽ വരുന്നതിന് മുമ്പ് കേരളത്തിലെ യഥാർത്ഥ അവസ്ഥ മിഷനറിമാർ വന്നതിന് ശേഷം ഉണ്ടായ മുന്നേറ്റം. മലയാളഭാഷക്ക് മിഷനറിമാർ നല്കിയ സംഭാവന. ഡോ. ക്ലോഡിയാസ് ബൂക്കാനൻ, മിഷനറി തോമസ് നോർട്ടൻ, മിഷനറി ബെഞ്ചമിൻ ബെയിലി, മിഷനറി ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ മലയാള ബൈബിൾ വിവർത്തന പരിശ്രമങ്ങൾ എല്ലാം സമഗ്രമായി പ്രതിപാദിക്കുന്നു.

6. ബ്രദറൺ എക്കോയുടെ പ്രവർത്തനം ഇപ്പോൾ നിർത്തിവച്ചരിക്കുകയാണോ?

പ്രേഷിത പ്രവർത്തന രംഗത്ത് അൻപത് വർഷം പിന്നിട്ട തിരുവട്ടാർ കൃഷ്ണൻകുട്ടിയോടുള്ള ബഹുമാനാർത്ഥം പ്രസിദ്ധീകരിക്കുന്ന പ്രഭാഷകൻ എന്ന സ്മരണികയുടെ പണിപ്പുരയിൽ ആയതിനാൽ തല്ക്കാലം ബ്രദറൺ എക്കോ പുറത്തിറക്കുന്നില്ല. ദൈവജനം പ്രാർത്ഥനയിലോർക്കുക. ഇരുപത്തി ആറാം ലക്കത്തിനായി കാത്തിരിക്കുക.

## കേരള ബ്രദറൺ സമൂഹത്തിന് അങ്കമാലിയുടെ സംഭാവന

1. **ആത്മീയഗീതങ്ങൾ പാട്ട്പുസ്തകം :** 1931 ൽ ആത്മീയഗീതങ്ങൾ എന്നപേരിൽ പാട്ട്പുസ്തകം അങ്കമാലിയിൽ നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു.
2. **സത്യപ്രകാശിനി :** 1939 മാർച്ചിൽ ആരംഭം. ഇ.പി. വർഗ്ഗീസ് (പത്രാധിപർ) എ. സൂട്ടർ (പബ്ലിഷർ), എ.പി. പൈലി (മാനേജർ) എന്നിവരുടെ ചുമതലകൾ പുറത്തിറക്കിയ സത്യപ്രകാശിനി നാല്പത് വർഷത്തോളം പ്രസിദ്ധീകരണ രംഗത്ത് നിറഞ്ഞ് നിന്നു.
3. **ശുദ്ധീകരണ സ്ഥലം അഥവ ബസ്പുർക്കാന** : പാലമറ്റം ഗർവ്വാദീസ് മകൻ കുരിയൻ 1939 ൽ പുറത്തിറക്കിയ ശുദ്ധീകരണ സ്ഥലം ബസ്പുർക്കാന എന്ന പഠനഗ്രന്ഥം അപ്പോളജിസ്റ്റിക്ക് തിയോളജിയിൽ ബ്രദറൺ സഭയുടെ കന്നി സംഭാവനയാകുന്നു.
4. **സുവിശേഷകന്മാരുടെ സമ്മേളനം :** അങ്കമാലിയിലെ വിശ്വാസികളുടെ പരിശ്രമഫലമായി 1943 (119 കർക്കിടകം 16-22) ൽ നടന്ന സുവിശേഷകന്മാരുടെ പ്രത്യേക സമ്മേളനത്തിൽ കൂത്താട്ടുകുളം മുതൽ കണ്ണൂർ വരെയുള്ള പതിനേഴ് സഭകളിൽ നിന്നുള്ള പൂർണ്ണസമയ പ്രവർത്തകരും, സഭാ പ്രതിനിധികളും പങ്കെടുത്തു. മിഷനറിമാരായ ഡബ്ലിയു. റ്റി. നോബിൾ, എ.എൽ. ഗുൾസ്, എ. സൂട്ടർ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കേരളത്തിന് പുറത്ത് സുവിശേഷ വേലയിലായിരിക്കുന്ന സുവിശേഷകന്മാരെ സഹായിക്കുന്നതിന് വേണ്ടി ഒരു പൊതു ഫണ്ട് രൂപീകരിക്കുവാൻ സമ്മേളനത്തിൽ തീരുമാനമായി.
5. **ജനറൽ ഗോസ്പൽ ഫണ്ട് :** സുവിശേഷവേലക്കാരെ സാമ്പത്തികമായി സഹായിക്കുന്നതിനായി 1942 ൽ ജനറൽ ഗോസ്പൽ ഫണ്ട് ആരംഭിച്ചു.
6 **അഖിലേന്ത്യ ബുക്ക് ക്ലബ്ബ് :** 1954 ജനുവരിയിൽ അഖിലേന്ത്യ ബുക്ക് ക്ലബ്ബിന്റെ മലയാള ശാഖയുടെ പ്രവർത്തനത്തിന് അങ്കമാലിയിൽ ആരംഭമായി. മികച്ച ഗ്രന്ഥങ്ങൾ കുറഞ്ഞ വിലയിൽ വായനക്കാരിൽ എത്തിക്കുകയായിരുന്നു ബുക്ക് ക്ലബ്ബിന്റെ പ്രവർത്തനലക്ഷ്യം.
7. **നമ്മുടെ സൺഡേസ്കൂൾ :** സൺഡേസ്കൂൾ പ്രവർത്തനത്തിന്റെ അനിവാര്യത വ്യക്തമാക്കുന്ന "നമ്മുടെ സൺഡേസ്കൂൾ" എന്ന പഠനകൃതി 1956 ൽ പുറത്തിറക്കി. കെ.ജി. കുര്യൻ, എ.പി. പൈലി, എ.എ. ചാക്കോ, എം.എ. ജോൺ, വി.റ്റി. മത്തായി എന്നിവരുടെ ലേഖനങ്ങൾ അതിൽ ചേർത്തിരുന്നു.
8. **വർക്കേഴ്സ് കോൺഫ്രൻസ് :** 1956 ഒക്ടോബർമാസം 29 മുതൽ നവംബർ 4 വരെ അഖിലേന്ത്യ വർക്കേഴ്സ് കോൺഫറൻസ് അങ്കമാലിയിൽ നടന്നു.
9. ഡോ. എ.പി. ദാനിയേലിന്റെ ചുമതലയിൽ ദാനിയേൽ റഫറൻസ് ബൈബിൾ 1993 ൽ പുറത്തിറക്കി.
10. ഡോ. പി.പി. ജോർജ്ജിന്റെ ചുമതലയിൽ പ്രീമിയർ സ്റ്റഡി ബൈബിൾ 1999 ൽ പുറത്തിറക്കി.

# കെയർ മിനിസ്ട്രിസ്, കിടങ്ങൂർ, അങ്കമാലി



ഈ ചെറിയവരിൽ ഒരുവന് ചെയ്തത് എനിക്കു ചെയ്തിരിക്കുന്നു എന്ന ക്രിസ്തുവചനം ഉൾക്കൊണ്ടുകൊണ്ട് അഗതികൾക്കും, അശരണർക്കും ആലംബഹീനർക്കും, ആത്യന്തിക സമാധാനം നൽകുക എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന കെയർ മിനിസ്ട്രീസ് അനേകർക്ക് അശ്വാസമായി മാറുന്നു.

**അല്പം ചരിത്രം** : ബ്രദറൺ കുടുംബ പശ്ചാത്തലമുണ്ടായിരുന്നുവെങ്കിലും യാക്കോബായ മത പശ്ചാത്തലത്തിൽ ബാല്യവും യൗവ്വനവും പിന്നിട്ട ഇ.ജി. ബെന്നി 1982 ലാണ് വിശ്വാസ അനുഭവത്തിൽ എത്തിയത്. സഹോ. ഇ.വി. പൈലിയുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവന്ന വർക്കി സൺസിലെ ജീവനക്കാരനായി മാറിയത് ജീവിതത്തിലെ ഈ വഴിമാറ്റത്തിന് പ്രധാന കാരണമായി. തുടർന്ന് അങ്കമാലി ടൗൺ അസംബ്ലിയിൽ കർത്താവിനെ അരാധിച്ചുവന്നു.

വർക്കി സൺസിലെ ജോലിയോടൊപ്പം പൗലോസ് തുടിയൻ, കുഞ്ഞുമോൻ തോട്ടപ്പിള്ളി എന്നീ കർത്തൃദാസന്മാരോട് ചേർന്ന് നിരവധി ആത്മീയ ശുശ്രൂഷകളിൽ പങ്കുചേർന്നു. 1988 മുതൽ കിടങ്ങൂരിൽ സുവിശേഷ പ്രവർത്തനം തുടങ്ങി. നിരന്തരമായ പ്രവർത്തനഫലമായി 2003 ൽ 12 പേർ കർത്താവിന് ജലത്തിൽ സാക്ഷീകരിക്കുവാൻ തയ്യാറായി, ഇതോടെ ബ്രദറൺ അസംബ്ലി കിടങ്ങൂർ എന്നപേരിൽ സഭാ കൂടിവരവ് ആരംഭിച്ചു.

സുവിശേഷ വേലയ്ക്കായുള്ള പരിശുദ്ധാത്മാവിന്റെ വിളി ബോധ്യമായതിനെ തുടർന്ന് 1992 മുതൽ സ്വന്തമായി നടത്തിവന്ന മലഞ്ചരക്ക് വ്യാപാരം അവസാനിപ്പിച്ച് 2009 ൽ സുവിശേഷ വേലയ്ക്കായി സമർപ്പിച്ചു. സുവിശേഷത്തോടുള്ള ആത്മഭാരം ഉളവാക്കുവാൻ പൗലോസ് തുടിയൻ, വർഗ്ഗീസ് കുരിയൻ, എബ്രഹാം ചെമ്പോല, എം.എ. പൗലോസ് എന്നിവരെ ദൈവം ഉപയോഗിച്ചു.

**കെയർ മിനിസ്ട്രിസിലേക്ക്** : കിടങ്ങൂർ സഭയിൽ കർത്താവിനെ ആരാധിക്കുന്ന ഒരു സഹോദരിയുടെ മാതാവ് രോഗബാധിതയായി ആലുവ ഗവ. ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഈ മാതാവിനെ സന്ദർശിക്കുവാൻ ചെന്നപ്പോൾ അവിടെകണ്ട ചില ഹൃദയസ്പർശിയായ രംഗങ്ങളാണ് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് തന്നെ വഴിതെളിച്ചത്. സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് ക്രമമായി ഭക്ഷണം നല്കുന്ന സംവിധാനം നിലവിലില്ല എന്ന വസ്തുത തന്നെ ഏറെ ചിന്തിപ്പിച്ചു. കെയർ മിനിസ്ട്രിസിന്റെ ആരംഭം ഇവിടെ ആയിരുന്നു എന്നുപറയാം. സുവിശേഷ പ്രവർത്തനത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനം ലക്ഷ്യമിട്ട് കെയർമിനിസ്ട്രിസ് 2010 ൽ ആരംഭിച്ചു.

അങ്കമാലി, തുറവൂർ ഗവ. ആശുപത്രികളിലെ നിർദ്ധനരായ രോഗികൾക്ക് ആഴ്ചയിൽ ഒരിക്കൽ ഭക്ഷണം നൽകുക, ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുക. ഇതെല്ലാം കെയർ മിനിസിട്രിസ് ചെയ്തുവരുന്നു. ഇതുകൂടാതെ ചാലക്കുടിയിൽ നിന്നും തമിഴ്നാടിന്റെ അതിർത്തി പ്രദേശമായ മനയ്ക്കപൊറക്കിടയിൽ ബ്രദറൺ സഭകൾ ഇല്ലാ എന്ന വസ്തുത തിരിച്ചറിഞ്ഞതോടെ ഈ ഭാഗങ്ങളിൽ സുവിശേഷം അറിയിക്കുക എന്ന ദൗത്യവും കെയർമിനിസ്ട്രിസ് ഏറ്റെടുത്തു.

കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനഫലമായി അതിരപ്പിള്ളി, പെരിങ്ങൽകുത്ത് എന്നീ സ്ഥലങ്ങളിൽ ചിലർ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കാൻ തയ്യാറായി. ഈ രണ്ട് സ്ഥലത്തും ക്രമീകൃതമായി ബൈബിൾ ക്ലാസ്സ് നടന്നുവരുന്നു. സുവിശേഷകന്മാരായ കെ.പി.ജോസ്, ജെയ്സൺ വർഗ്ഗീസ് എന്നിവരുടെ സഹകരണം കെയർ മിനിസ്ട്രിസിന് അനുഗ്രഹമായിരിക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുക.

# സാക്ഷ്യം : സുവി: പി.പി. വർഗ്ഗീസ്



## നെടുമ്പാശ്ശേരിയിലെ ബ്രദറൺ സഭയിലേക്ക് സ്വാഗതം....

യാക്കോബായ മത പശ്ചാത്തലത്തിൽ വളർന്ന എനിക്ക് 1987 ൽ മലങ്കര ക്രിസ്റ്റ്യൻ ചർച്ചിന്റെ പ്രവർത്തനഫലമായി യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവായും സ്വീകരിക്കുവാൻ സാധിച്ചു. രക്ഷാനിർണ്ണയത്തിൽ വന്ന ആദ്യനാൾ മുതൽ എന്റെ ജന്മനാടായ നെടുമ്പാശ്ശേരി പഞ്ചായത്തിലെ വാപ്പാലശ്ശേരിയിൽ സുവിശേഷം അറിയിക്കുവാൻ തുടങ്ങി. തിരുവചനസത്യങ്ങൾ കൂടുതലറിഞ്ഞതിനെതുടർന്ന് 1997 മുതൽ സുവി. സി.വി. പൗലോസിനോട് ചേർന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. എന്റെ ഭവനത്തിൽ വചനപഠനത്തിന് വന്നവരിൽ രണ്ടു പേർ വിശ്വാസസ്നാനം സ്വീകരിച്ചതിനെ തുടർന്ന് 2003 ൽ ആരാധന തുടങ്ങി. വാപ്പാലശ്ശേരി ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ച് എന്ന പേരിൽ ഞങ്ങൾ അറിയപ്പെട്ടിരുന്നുവെങ്കിലും അങ്കമാലിയിലും സമീപ സ്ഥലങ്ങളിലും ഉള്ള ബ്രദറൺ സഭകളുമായി യാതൊരു സഹകരണവും ഉണ്ടായിരുന്നില്ല. 2009ൽ സുവി. സി.വി. പൗലോസുമായുള്ള ബന്ധം അവസാനിപ്പിക്കുവാനും അങ്കമാലിയിലും സമീപ സ്ഥലങ്ങളിലുള്ള സഭകളുമായി സഹകരണത്തിൽ പോകുവാനും ഞങ്ങൾ തീരുമാനമെടുത്തു. അങ്കമാലിയിലെ സഭകളുമായി സഹകരിക്കുന്നതിന് സഹോ. ഇ.ജെ. പൈലി ഉൾപ്പെടെ പലരും പ്രോത്സാഹനം നൽകി.

ഇന്ന് കുട്ടികൾ ഉൾപ്പെടെ 29 പേർ ആരാധനായോഗത്തിൽ പങ്കെടുക്കുന്നു. 20 പേർ കർത്തൃമേശയിൽ പങ്കെടുക്കുന്നുണ്ട്. സമീപസ്ഥലങ്ങളിലെ സുവിശേഷകന്മാരുടെ സഹകരണത്തോടെ വാപ്പാലശ്ശേരി ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ചിന്റെ സുവിശേഷ പ്രവർത്തനങ്ങൾ ചൊവ്വാഴ്ച തോറും നടന്നു വരുന്നു. എയർപോർട്ട് സംബന്ധമായ ആവശ്യങ്ങൾക്ക് വരുന്ന വിശ്വാസികൾക്ക് വാപ്പാലശ്ശേരി ബ്രദറൺ സഭയിലേക്ക് സ്വാഗതം.

**എന്റെ വിലാസം :**
**പി.പി. വർഗ്ഗീസ്, പൈനാടത്ത് വീട്**
**ചെറിയവാപ്പാലശ്ശേരി,**
**അങ്കമാലി സൗത്ത് പി.ഒ. 683 573**
**ഫോൺ : 09947115415, 0484 – 2459763**


### പ്രഭാഷകൻ

പ്രേഷിത പ്രവർത്തന രംഗത്ത് അൻപത് വർഷം പിന്നിട്ട സുപ്രസിദ്ധ സുവിശേഷ പ്രഭാഷകനായ തിരുവട്ടാർ കൃഷ്ണൻകുട്ടിയോടുള്ള ബഹുമാനാർത്ഥം പ്രഭാഷകൻ എന്ന പേരിൽ ബ്രദറൺ എക്കോ പ്രസിദ്ധീകരിക്കുന്ന സ്മരണികയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**brethern echo**
**P.B. No. 2**
**Angamaly 683 573**
**Ph: 9846845856**

**ഫോട്ടോ : ഏബൽ ലാൽ, തയ്യാറാക്കിയത് : ലിജോ വർഗീസ് പാലമറ്റം**


# അങ്കമാലിയിലെ മുതിർന്ന വിശ്വാസികൾ



പി.പി.ജോർജ്ജ്


കെ.കെ.തോമസ്


പി.പി.കുരുവിള



എ.വി. ജേയ്ക്കബ്


ഇ.ജെ.പൈലി



വി.സി.വർക്കി


ഇ.വി.തോമസ്


എ.വി.വർഗ്ഗീസ്


ഇ.വി. ശാമുവേൽ


ഇ.എം. ശാമുവേൽ


പി.ടി. ഡേവിഡ്


വി.എം. തോമസ്

പ്രകാശിതമായ വാടിയമുഖങ്ങൾ

# എമ്മവുസ്സിലേക്കു പോയ ശിഷ്യൻമാർ

**വി.കെ. മാത്യു**

പ്രകാശിതമായ വാടിയമുഖങ്ങൾ എന്ന പരമ്പരയിൽ ഈ ലേഖനത്തിന്റെ പ്രമേയം എമ്മവുസ്സിലേക്ക് പോയ രണ്ട് ശിഷ്യൻമാരാണ്. “അവർ വാടിയ മുഖത്തോട് നിന്നു”. (ലൂക്കോ. 24:17) ക്രൂശിക്കപ്പെട്ട കർത്താവ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അരിമത്യയിലെ ജോസഫിന്റെ കല്ലറ ശൂന്യമാക്കിക്കൊണ്ട് ഉയിർത്തെഴുന്നേറ്റു. അതോടനുബന്ധിച്ച് യരുശലേമിൽ സംഭവപരമ്പര തന്നെ അരങ്ങേറി. മഗ്ദലക്കാരി മറിയ തുടങ്ങിയ സ്ത്രീകൾ ഒഴിഞ്ഞ കല്ലറയ്ക്ക് സാക്ഷികളായി.“അവൻ ഉയിർത്തെഴുന്നേറ്റു, അവൻ ഇവിടെ ഇല്ല”. (മർക്കോ.16:6) എന്ന പ്രഖ്യാപനം അവരുടെ കാതുകളിൽ മാറ്റൊലി കൊണ്ടു. കർത്താവ് ഉയിർത്തെഴുന്നേറ്റെന്ന അവിശ്വസനീയമായ വാർത്ത കടങ്കഥ പോലെ ഉൾക്കൊണ്ടു പത്രോസും,യോഹന്നാനും ഓടി, യോഹന്നാൻ പത്രോസിനേക്കാൾ മുൻപേ കല്ലറയ്ക്കൽ എത്തി, വസ്തുതകൾ നേരിൽ ഗ്രഹിച്ചു.

അന്നേ ദിവസം നടന്ന മറ്റൊരു സംഭവമാണ് നമ്മുടെ ചിന്താവിഷയം. യരുശലേമിൽ നിന്നും രണ്ടു ശിഷ്യൻമാർ എമ്മവുസ്സ് എന്ന ഗ്രാമത്തിലേക്ക് നടന്നു പോയി. കർത്താവിന്റെ പന്ത്രണ്ട് ശിഷ്യൻമാർക്കു പുറമേ വേറെ ശിഷ്യന്മാരുണ്ടായിരുന്നതായി കാണുന്നു.“അവൻ വേറെ എഴുപതു പേരെ നിയമിച്ചു” (ലൂക്കോ.10:1) “അന്നു മുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല” (യോഹ.6:66) എന്നു വായിക്കുന്നു. യരുശലേമിൽ നിന്നും എമ്മവുസ്സിന് ഏഴു നാഴിക ദൂരമുണ്ട്. അവർ ഒരു പക്ഷേ എമ്മവുസ്സ് ഗ്രാമക്കാരായിരുന്നിരിക്കാം. ഒരുവന്റെ പേര് ക്ലെയോപ്പാവ് എന്നാണ്. മറ്റവന്റെ പേര് അജ്ഞാതമാണ്. അവർ വാടിയ മുഖത്തോടുകൂടിയവരും നിരാശരും പ്രതീക്ഷകൾക്ക് മങ്ങലേറ്റവരുമാണ്.

പ്രസ്തുത ശിഷ്യൻമാർ ഏതോ ഗൗരവമുള്ള വിഷയം ഏറ്റെടുത്ത് സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവർ വാദിക്കുകയും ചെയ്യുന്നുണ്ട്. അവർ ഭിന്നപക്ഷക്കാരാണ്. രണ്ടു പേരും അഭിപ്രായങ്ങൾ സ്ഥാപിച്ചെടുക്കാൻ അവരവരുടെ ന്യായങ്ങൾ നിരത്തുന്നുണ്ട്. സംഭാഷണത്തിൽ മുഴുകിയിരിക്കുന്നതുകൊണ്ട് യാത്രാക്ലേശം അറിയുന്നില്ലെന്നു കരുതാം. ഇവരുടെ വാദവും തർക്കവും യാത്രയും പുരോഗമിക്കവേ, ഒരു വഴിയാത്രക്കാരൻ ഒപ്പം കൂടി, ചേർന്നു നടന്നു. നവാഗതൻ അവർക്കു അപരിചിതനാണ്. അവരുടെ കണ്ണ് നിരോധിച്ചിരുന്നതുകൊണ്ട് അവനെ തിരിച്ചറിഞ്ഞതുമില്ല. അതു മറ്റാരുമായിരുന്നില്ല, അവരുടെ തർക്കത്തിന്റെ കേന്ദ്രബിന്ദുവായ നസ്രായനായ യേശുക്രിസ്തുവായിരുന്നു. തർക്കവിഷയം അറിയാനുള്ള ജിജ്ഞാസ സഹയാത്രികൻ പ്രകടിപ്പിച്ചു. യരുശലേമിലെ പരദേശികളിൽ ഒരുവനായി ക്ലെയോപ്പാവ് അവനെ മുദ്രകുത്തി, നിസ്സാരനാക്കി. മാലോകരൊക്കെ അറിഞ്ഞ് അതിശയം കൂറുന്ന സംഭവപരമ്പര അറിയാത്ത ഏകവ്യക്തി പ്രസ്തുത അന്വേഷകനാണെന്നു വിധിയെഴുതി. എങ്കിലും വിഷയം അവന്റെ മുമ്പിൽ നിരത്തി. നസ്രയനായ യേശുവിനെക്കുറിച്ചാണ് അവർ തർക്കിക്കുന്നതെന്നും അവൻ ദൈവത്തിനും ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു എന്നുമുള്ള അഭിപ്രായം പ്രകടമാക്കി. അവനെക്കുറിച്ച് അവർക്കും ചില പ്രതീക്ഷകളുണ്ടായിരുന്നു. പക്ഷേ അവയൊന്നും സഫലമായില്ല. അവൻ ക്രൂശിക്കപ്പെട്ടു. അവൻ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരൻ, നഷ്ടപ്പെട്ട രാജ്യം യിസ്രായേലിനു യഥാസ്ഥാനത്താക്കുന്ന മശിഹ എന്നൊക്കെ ഞങ്ങളും കരുതിയിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ ചില സ്ത്രീകൾ കല്ലറയ്ക്കൽ ചെന്നിട്ട് അവന്റെ ശവം പോലും കണ്ടില്ല.

ഇതെല്ലാം സാകൂതം ശ്രദ്ധിച്ച മൂന്നാമൻ യേശുക്രിസ്തുവിനെക്കുറിച്ച് മോശ തുടങ്ങി സകല പ്രവാചകൻമാരും ചെയ്തിട്ടുള്ള പ്രവചനങ്ങൾ തിരുവെഴുത്ത് അക്കവും പുള്ളിയുമിട്ട് നിരത്തി വിശദീകരിച്ചുകൊടുത്തു. ഇതൊക്കെ കേട്ട പ്രസ്തുത ശിഷ്യൻമാർ തിരുവെഴുത്തിൽ അവഗാഹമുള്ളവൻ എന്ന് അവനെക്കുറിച്ച് ധരിച്ചു എങ്കിലും അത് യേശുക്രിസ്തു തന്നെയെന്ന് അവർ ഗ്രഹിച്ചില്ല. കാരണം മനസ്സിലാക്കാൻ കഴിയാതെവണ്ണം അവരുടെ കണ്ണ് നിരോധിച്ചിരുന്നല്ലോ. ഇതിനോടകം യാത്രികർ എമ്മവുസ്സ് എന്ന ഗ്രാമത്തോടടുത്തു. നേരവും വൈകി. സൂര്യൻ അസ്തമിക്കാറായി. സഹയാത്രികൻ അവരെ പിരിഞ്ഞ് തന്റെ വഴിക്ക് പോകുന്ന ഭാവം കാണിച്ചു. (ലൂക്കോ.24:28) പോയില്ല, പോകുന്ന ഭാവം കാണിച്ചതേയുള്ളൂ. അവർ അവനെ നിർബ്ബന്ധിച്ചു. അവൻ അവരോടു കൂടെ പാർപ്പാൻ ചെന്നു. ഭക്ഷണത്തിനിരുന്ന അതിഥി അപ്പം എടുത്ത് വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. നിരോധിക്കപ്പെട്ടിരുന്ന അവരുടെ കണ്ണു തുറന്നു. അവർ അവനെ തിരിച്ചറിഞ്ഞു. അവൻ അപ്രത്യക്ഷമായി. അവരുടെ അവിശ്വാസമോ പോരായ്മയോ ഒന്നും ഏറ്റു പറയാൻ അവർക്ക് സാവകാശം ലഭിച്ചില്ല. വാടിയമുഖത്തോടു കൂടി, ഒരു പക്ഷേ പ്രതീക്ഷയും വിശ്വാസവും കൂട്ടായ്മയും എല്ലാം ഇട്ടെറിഞ്ഞ് എമ്മവുസ്സിലേക്ക് പോയ അവർ താമസംവിനാ യരുശലേമിലേക്കു മടങ്ങി. ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്ന പതിനൊരുവരെ കണ്ട് അവരുടെ അനുഭവം പങ്കു വെച്ച്, കർത്താവിന്റെ ഉയിർത്തെഴുന്നേല്പ് അരക്കിട്ട് ഉറപ്പിച്ചു. അവരുടെ വാടിയ മുഖം പ്രകാശപൂരിതമായി.

ഇവിടെ നമ്മിൽ അനുരണനങ്ങൾ ഉണ്ടാക്കുന്ന ഒരു ചിന്താധാരയുണ്ട്. കടന്നു പോകുന്ന ഭാവം കാണിച്ച കർത്താവിനെ അവർ നിർബ്ബന്ധിച്ചു. അവൻ അവരോടു കൂടെ പാർപ്പാൻ ചെന്നു. ഇതിനു സമാനമായ സംഭവമാണ് തണ്ടുവലിച്ചു വലഞ്ഞ ശിഷ്യന്മാരെ നാലാംയാമത്തിൽ മാത്രം സന്ധിക്കുന്ന അവരുടെ അരുമനാഥൻ. അവനും കടന്നു പോകാൻ ഭാവിച്ചു. (മർക്കോ.6:48) പോയില്ല, പോകുകയുമില്ല. സകല പ്രതീക്ഷകളും കൈവിട്ടു പോയി നിരാശരായി. ഭയപ്പെട്ട അവർക്ക് അവനെ തിരിച്ചറിയുവാൻ പോലും സാധിച്ചില്ല. ഭയപ്പെടേണ്ട എന്നു പറഞ്ഞ് അവൻ അവരെ ധൈര്യപ്പെടുത്തി.

നമ്മുടെ ജീവിത യാത്രയിൽ – പ്രതിസന്ധികളിൽ, രോഗങ്ങളിൽ, പരിശോധനകളിൽ അവൻ കൈവിടുകില്ല. അവനെ നിർബ്ബന്ധിക്കുക. അവൻ കാറ്റിനേയും കടലിനേയും അമർത്തും. ഒരു പക്ഷേ നാലാം യാമത്തിൽ മാത്രം!!

**വാടിയമുഖത്തോടു കൂടി, ഒരു പക്ഷേ പ്രതീക്ഷയും വിശ്വാസവും കൂട്ടായ്മയും എല്ലാം ഇട്ടെറിഞ്ഞ് എമ്മവുസ്സിലേക്ക് പോയ അവർ താമസംവിനാ യരുശലേമിലേക്കു മടങ്ങി. ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്ന പതിനൊരുവരെ കണ്ട് അവരുടെ അനുഭവം പങ്കു വെച്ച്, കർത്താവിന്റെ ഉയിർത്തെഴുന്നേല്പ് അരക്കിട്ട് ഉറപ്പിച്ചു. അവരുടെ വാടിയ മുഖം പ്രകാശപൂരിതമായി.**



# Spiritual and historical legacy of Dead Sea



The Dead Sea, the lowest point on earth, boasts a proud spiritual and historical legacy. Prophets, dreamers and mysterious sects have all wandered this desert area. To this day the landscape remains unchanged, with a primordial feel. Just a 40 minutes' drive from Amman, this is a favourite destination with holidaymakers, who come to soak up the sun, float in the water, or coat themselves with mineral-rich mud.

The Dead Sea sits in a hollow surrounded by mountains, on the floor of the Great Rift Valley. At 400 meters below sea level it marks the lowest point on the earth's surface.

Soaring temperatures cause the sea to evaporate on a vast scale. This, and the fact it has no outlet and little replenishing rainfall, keeps salt levels extraordinarily high. The water contains a 33 per cent concentration of minerals- nine times greater than the ocean- in a unique composition rich in magnesium, sodium, potassium, calsium, and bromine. At depths below 100 metres the water is saturated and salt precipitates out and collects on the sea bed. Even more unusual is the Dead Sea's discharge if asphalt-black tarry rocks regularly emerge from the depths.

Little can survive the intense salinity. Small quantities of bacteria and fungi live in the water, but there are no plants. Any fish that accidentally swim in die instantly. The water feels greasy, stings open cuts, and burns.

**HEALING WATERS**

Nevertheless, there are many positive characteristics. Being so low-lying, the air by the shore contains 10 percent more oxygen than at sea level. And the evaporation causes a permanent haze over the region, which filters out harmful UVB rays (which cause sunburn), an important consideration in a place enjoying 330 sunny days a year.

These factors, plus mineral-rich water and a pollen-free atmosphere, make it a natural health spa. People suffering from respiratory diseases such as cystic fibrosis, benefit from coming here, as do those with skin disorders such as psoriasis, or rheumatic complaints.

The sea's remarkable healing properties have long been celebrated by people such as Pliny the Elder and King Herod. Aristotle described it as: "very bitter and salty water in which no fish can live and where neither man nor animal can sink." And lakeside plants produced medicines so valuable they even sparked wars: Mark Anthony conquered the area so Cleopatra could obtain exclusive rights to build cosmetic and pharmaceutical factories.

In more recent times the Dead Sea has attracted a new wave of visitors, and become a recreational and health hot spot. Some come to bob in the water, which is so dense it's hard to place your feet on the bottom and impossible to sink- you couldn't drown if you tried. Others flock here to soak in the healing mud and mineral hot springs.

There is a darker side though. The Dead Sea relies on the River Jordan to feed it, but is shrinking fast as much of the latter is diverted to irrigate farmland. Between 1930 and 1997 the sea level fell 21 metres. It may never dry out entirely, but it does need help. Hopefully, while it continues to attract visitors and bring benefits to all, this natural treasure will remain very much alive.

പി.ബി. നമ്പർ 38
കുമ്പനാട്
കേരളം – 689547
ഫോൺ: 9495204611
indianbrethrennews@gmail.com
www.indianbrethren.org

MONTHLY
# Indian Brethren
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

വാർഷിക വരിസംഖ്യ ` 100
2011 NOVEMBER
For private circulation only

## ഇലന്തൂർ കൺവൻഷൻ

ഇലന്തൂർ: പരിയാരം ബ്രദറൺ സഭയുടെ ചുമതലയിൽ ഇലന്തൂർ നെടുവേലിൽ ജംഗ്ഷനു സമീപ മുള്ള പഞ്ചായത്ത് സ്റ്റേഡിയത്തിൽ 2011 ഡിസംബർ 9മുതൽ 11 വരെ സുവിശേഷയോഗം നടക്കുന്നതാ ണ്. സജീവ് വർഗീസ് (പുതുപ്പള്ളി), ബിനു മാത്യു (അയ്മനം) എന്നിവർ വചനം ശുശ്രൂഷിക്കും. ജെ.പി.രാ ജൻ നയിക്കുന്ന ടീം ഗാനശുശ്രൂഷ നിർവ്വഹിക്കും. യോഗാനുഗ്രഹത്തി നായി ദൈവജനത്തിന്റെ പ്രാർത്ഥ നയും സാന്നിദ്ധ്യവും ക്ഷണി ക്കുന്നു.

കെ.എ ജോർജ്ജ്,
റ്റി.ജെ തോമസ്.

## എടക്കര ക്രൂസേഡ്

എടക്കര: എടക്കര ബ്രദറൺ സഭയുടെ ചുമതലയിൽ 2012 ജനു വരി 5 മുതൽ 8 വരെ എടക്കര ജംഗ്ഷനു സമീപം സുവിശേഷ യോഗം നടത്തുവാൻ തീരുമാനിച്ചി രിക്കുന്നു. പ്രസംഗകർ: സുവി. പി. ജി. ജെയിംസ് , സുവി. ജോസ് മാങ്കു ടി. സ്പിരിച്ചൽ മെലഡി , കോട്ടയം ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാ ണ്. യോഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുക.

എ.റ്റി മാത്യു, വി.കെ കുര്യൻ

## കൺവൻഷൻ

എസ്.പി.എസ് ഫണ്ട് ബ്രദറൺ സഭകളുടെ 17–ാമതു സംയുക്ത കൺവൻഷൻ 2012 ഫെബ്രുവരി 1–5 വരെ തെള്ളിയൂർ വരിക്കാനിക്കൽ ബ്രദറൺ സഭാഹാളിനു സമീപം തയ്യാറാക്കുന്ന പന്തലിൽ. പ്രസംഗ കർ M/S ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി, ബിജു ആലടി, ഡോ.പി.എം. ജോർജ്ജുകുട്ടി. പാപി കളുടെ രക്ഷയ്ക്കും, ദൈവനാമമ ഹത്വത്തിനും കാരണമാകുവാൻ ദൈവജനം പ്രാർത്ഥിച്ചാലും.

കുഞ്ഞുമോൻ വെസ്റ്റ് ഓതറ

## ഗോസ്പൽ യൂത്ത് മ്യൂസിക് ഫെസ്റ്റിവൽ

ഗ്വാളിയർ: ബിലിവേഴ്സ് അസംബ്ലി യുടെ ചുമതലയിൽ 2011 ഡിസം ബർ 10,11 തീയതികളിൽ യുവജന ങ്ങൾക്കായും V.I.P ആളുകളെ ലക്ഷ്യമാക്കിയും ഒരു പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു. കോളേജുക ളിൽ നിന്നും ധാരാളം യുവതി യുവാക്കൻമാർ ഈ സമ്മേളന ത്തിൽ പങ്കെടുക്കും എന്ന് പ്രതീ ക്ഷിക്കുന്നു. ബ്രദർ. ജോർജ്ജ് മട്ട യ്ക്കൽ ( പ്രസിഡന്റ് ജി.എം.ഐ), ബ്രദർ ഗോഡ്ലി കുര്യൻ (ആനി ക്കാട്) എന്നിവർ വചന ശുശ്രൂഷ നടത്തും. ബ്രദർ ഫിലിപ്പ് കെ ആൻഡ്രൂസ് (കേരളം) ഡൽഹി ടീം ഗാനങ്ങൾ ആലപിക്കും. ഈ പ്രവർത്തനത്തിന്റെ അനുഗ്രഹത്തി നായി പ്രാർത്ഥിച്ചാലും.

Evg.Ranjit Kumar Bagh,
Mob:09425790860
Amit Singh
Sujit William [Elder Morar Assembly]

## പുതിയ വിലാസം

ബ്രദറൺ അസംബ്ലി അബുദാബി
പി.ബി.നമ്പർ: 35868
അബുദാബി, യു.എ.ഇ

# ദൈവസഭയെ പരിപാലിക്കുക: ജോസ് ഡാലി

**മുക്കൂട്ടുതറ:** ദൈവസഭയെ പരി പാലിക്കുക എന്ന മഹത്തായ ഉത്ത രവാദിത്തമാണ് നമ്മെ ഭരമേൽപ്പി ച്ചിരിക്കുന്നത്. ക്രിസ്തുവിനു പകരം ക്രിസ്തുവിനുവേണ്ടി ഈ മഹൽ ദൗത്യം നാം നിറവേറ്റണം. ശീമോൻ പത്രോസിന് ഒടുവിലായി ഈ ഉത്തരവാദിത്തം ഏല്പിച്ചു കൊടുത്താണ് യേശു വിടവാങ്ങു ന്നത്. പത്രോസ് അത് ഭംഗിയായി നിവർത്തിക്കുന്നു. ബ്രദർ ജോസ് ഡാലി പ്രസ്താവിച്ചു. മുക്കൂട്ടുതറ ബ്രദറൺ ചർച്ചിന്റെ സ്തോത്രശു ശ്രൂഷയിൽ മുഖ്യ സന്ദേശം നല്കു കയായിരുന്നു അദ്ദേഹം.



*മുക്കൂട്ടുതറ സഭാഹാൾ സ്തോത്രശുശ്രൂഷയിൽ ബ്രദർ ജോസ് ഡാലി മുഖ്യ സന്ദേശം നല്കുന്നു.*

അഞ്ചു പതിറ്റാണ്ടിനുമുമ്പ് മു ക്കൂട്ടുതറയിലും പരിസരങ്ങളിലും നടന്ന ശക്തമായ പ്രവർത്തനങ്ങ ളുടെ ഫലമായി രൂപപ്പെട്ട സഭ കാല പ്പഴക്കംകൊണ്ട് ഉപയോഗ്യമല്ലാ തായ സഭാഹോൾ പുനർനിർമ്മി ക്കുകയുണ്ടായി. സ്ഥലംസഭാംഗങ്ങ ളുടെയും സുവിശേഷകൻ പി. കെ. തോമസിന്റെയും അക്ഷീണപരിശ്ര മമാണ് ഈ വിജയത്തിനു പിന്നി ലുള്ളത്.

നവംബർ 5 ശനി രാവിലെ 10ന് ആരംഭിച്ച സ്തോത്രശുശ്രൂഷയിൽ ബ്രദർ പി. കെ. തോമസ് അദ്ധ്യക്ഷ നായിരുന്നു. ഇ. റ്റി. ഫിലിപ്പ്, ഐസ ക് വി. ജോൺ, പി. എ. ജോസഫ് എന്നിവർ ആദ്യകാല പ്രവർത്തന ങ്ങളുടെ ഓർമ്മകളിലേക്ക് തിരികെ പ്പോയി.

സാം ഫിലിപ്പ്, ജോർജ്ജ് സി. ജേക്കബ്, പി. ഐ. രാജൻകുട്ടി, ജോർജ്ജ് മാത്യു, ജോസഫ് മാത്യു, റ്റി. വി. വർഗീസ്, സി. റ്റി. ജോണി ക്കുട്ടി എന്നിവർ ആശംസകൾ അർപ്പിച്ചു. റാന്നി പ്രാദേശിക സഭ കളിൽനിന്നും ഒട്ടേറെ വിശ്വാസി കളും ശുശ്രൂഷകരും പങ്കെടുത്തു. ബ്രദർ തോമസ് ഏബ്രഹാം, ബിബിൻ രാജ് എന്നിവർ ഗാനശു ശ്രൂഷയ്ക്ക് നേതൃത്വം നല്കി.

## വടകരയിൽ പുതിയ പ്രവർത്തനം

കോഴിക്കോട്: വടകരയിൽ ചില മാസങ്ങളായി സുവി.എം.ജി. വിൽസൺ പ്രവർത്തിക്കുന്നു. എല്ലാ ആഴ്ചയിലും രണ്ടു ദിവസം ക്യാമ്പ് ചെയ്ത് സുവി. സാജൻ കുരവയ്ക്കൽ കൂടാതെ മറ്റു ചില സുവിശേഷകൻമാരെയും സഹകരി പ്പിച്ച് പ്രവർത്തനങ്ങൾ നടക്കുന്നു. ഈ പ്രവർത്തനങ്ങൾ മുഖാന്തിരം ചിലർ സത്യദൈ വത്തെ കണ്ടുമുട്ടുവാനും ദൈവഹിതപ്രകാര മുള്ള സ്ഥലം സഭ രൂപം കൊള്ളുന്നതിന് ദൈവ ജനത്തിന്റെ വിലേറിയ പ്രാർത്ഥന അഭ്യർത്ഥി ക്കുന്നു.

എം.ജി. വിൽസൺ, ഫോൺ. 9847887706

## സഭാഹാൾ ആവശ്യം

പാറ്റ്ന: സുവിശേഷകൻ സുരേഷ് കെ യുടെ പ്രവർത്തനഫ ലമായി ഷാഹ്പൂർ എന്ന ഗ്രാമത്തിൽ ഒരു കൂടിവരവ് ആരം ഭിച്ചു. 35 പേർ ഇപ്പോൾ സഭാ കൂടിവരവിൽ പങ്കെടുക്കുന്നു. കൂടി വരുന്ന സ്ഥലം ഇടുക്കമായതിനാൽ അല്പംകൂടി വിശാ ലമായ സ്ഥലത്തിനു വേണ്ടി പ്രാർത്ഥിച്ചു. 5 സെന്റ് സ്ഥലം ദൈവം കാണിച്ചു തന്നു. 6 ലക്ഷം രൂപ ഇതിനാവശ്യമാണ്. സഭയിൽ കൂടിവരുന്നവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാകയാൽ ഇത്രയും തുക സമാഹരിക്കുവാൻ ഞങ്ങൾ അപ്രാപ്തരാണ്. അതുകൊണ്ട് ദൈവജനത്തിന്റെ നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു. (അഡ്രസ്: The South Indian Bank, Nehru Nagar, Patliputra, Patna. A/c No: 308053000005483 IFSC CODE is SIBL0000308)

സുവി. സുരേഷ് കെ, ബ്ര. ധർമ്മേന്ദർ കുമാർ

## മഞ്ഞാലുമൂട് ജനറൽ കൺവൻഷൻ

മഞ്ഞാലുമൂട്: ബഥേൽ ബ്രദറൺ അസംബ്ലിയുടെ ചുമതലയിലും ചുറ്റുപാടുമുള്ള സഭകളുടെ സഹ കരണത്തിലും 2011 ഡിസംബർ 26 മുതൽ 28 വരെ മഞ്ഞാലുമൂട് ജംഗ് ഷനു സമീപം സുവിശേഷയോഗം നടക്കുന്നതാണ്. ബ്രദർ ആർ.എസ്. മിശ്ര (ഉത്തർപ്രദേശ്), ബ്രദർ ഡാനി എസക്കിയേൽ (ബി.ബി.ഐ, പത്ത നംതിട്ട) ബ്രദർ സൈമൺ (മു ംബൈ) വചനം ശുശ്രൂഷിക്കും. മാറാനാഥാ ഗോസ്പൽ ടീം (തിരു വനന്തപുരം) ഗാനങ്ങൾ ആലപി ക്കും. ബുധനാഴ്ച രാവിലെ 10.30 മുതൽ 1 വരെ നടക്കുന്ന സഹോദ രിമാരുടെ സമ്മേളനത്തിൽ മിസിസ്. തങ്കമ്മ ജോസഫ് (തിരുവനന്തപു രം) വചനശുശ്രൂഷ നിർവ്വഹിക്കും.

സുവി. ബാബു പി ഹെൻട്രി.

## സംയുക്ത സഭായോഗം

കുമ്പനാട്: ജനറൽ കൺവൻഷ നോടനുബന്ധിച്ച് നടത്തുന്ന സംയുക്തസഭായോഗം നവം. 27ന് രാവിലെ 10 മുതൽ 1 വരെ കുമ്പ നാട്ട് വച്ച് നടക്കും. വചനശുശ്രൂഷ ഡോ. കെ.സി. ജോൺസൺ.

## പത്തനംതിട്ട കൺവൻഷൻ

പത്തനംതിട്ട: പത്തനംതിട്ട കൺവ ൻഷൻ സുവിശേഷാലയത്തിൽ വച്ച് ഡിസംബർ 18–25 വരെ നട ക്കും. പ്രസംഗകർ ഡോ. ഒ.എം. സാ മുവൽ, ജോസ് മാത്യു, വർഗീസ് കു ര്യൻ, പി.ജി. ജെയിംസ്, റോയി മാ ത്യു, ബിനു സാമുവൽ, ജോർജ് കോശി, എബി കെ ജോർജ്. യോ ഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥി ച്ചാലും.

## അടിയന്തര പ്രാർത്ഥനയ്ക്ക്

എസ്.പി.എസ് ഫണ്ടു സഭകളിൽ ഉൾപ്പെട്ടതും കഴിഞ്ഞ 40–ൽ അധി കം വർഷങ്ങളായി നടന്നു വരുന്ന തുമായ പരസ്യയോഗ ശുശ്രൂഷകൾ ക്കു നേരെ 12–10– 2011 ബുധനാഴ്ച കുളനട ജംഗഷനിൽ വച്ച് അക്രമം ഉണ്ടായി. സുവിശേഷകൻമാരായ എം. എസ് ചാക്കോ, റ്റി.സി ചാക്കോ എന്നിവരോടൊപ്പം 8 പേരുണ്ടായി രുന്നു. പ്രാർത്ഥിച്ച് പാട്ടു പാടി ശു ശ്രൂഷ ആരംഭിച്ചപ്പോൾ ഒരു കൂട്ടം ചെറുപ്പക്കാർ ആക്രോശിച്ചുകൊണ്ട് വന്ന് കൊല്ലുമെന്ന് ഭീഷണിപ്പെടു ത്തുകയും ഉപയോഗിച്ചുകൊണ്ടി രുന്ന ഹാൻഡ്മൈക്ക് റ്റാർ റോഡി ൽ അടിച്ചു തകർത്ത് സമീപമുള്ള ഇഞ്ചക്കാട്ടിലേക്ക് വലിച്ചെറിയു കയും ചെയ്തു. ശീരീരിക ഉപദ്രവം ഉണ്ടാകാതെ കർത്താവ് സൂക്ഷിച്ചു. തുടർന്നുള്ള പ്രവർത്തനത്തിനു സഹായമായി ഒരു ഹാൻഡ്മൈക്ക് ആവശ്യമായിരിക്കുന്നു. ദൈവമക്ക ളുടെ പ്രാർത്ഥനയും സഹകരണ വും പ്രതീക്ഷിക്കുന്നു. എം.എസ് ചാക്കോ, റ്റി, സി ചാക്കോ, സി.പി. അനിയൻ ഫോൺ – 9446686051

## എബിനേസർ ബ്രദറൺ അസംബ്ലി

പട്ടാമ്പി: പാലക്കാട് ജില്ലയിലെ ക്ഷേത്രനഗരിയായ പട്ടാമ്പിയിൽ പാലോമാട് സഭയിൽ നിന്നുള്ള സുവിശേഷകൻ പി.യു തോമസി ന്റെയും മലപ്പുറം പാലക്കാട് ജില്ലക ളിലെ സുവിശേഷകൻമാരും സ ഹോദരൻമാരും ആത്മാർത്ഥമായി പ്രവർത്തിച്ചതിന്റെ ഫലമായി 2009 മാർച്ച് 1–ാം തീയതി ഒരു സഭാ കൂടി വരവ് ആരംഭിച്ചു.

ഇപ്പോൾ 8 കുടുംബങ്ങളിൽ നിന്ന് 23 പേർ കൂടി വരുന്നു. 15 പേർ കത്തൃമേശയിൽ സംബന്ധിക്കുന്നു. ഇപ്പോൾ ഒരു കെട്ടിടത്തിന്റെ മൂന്നാം നിലയിൽ 2300 രൂപ മാസവാടക കൊടുത്താണ് മീറ്റിംഗു കൾ നടത്തുന്നത്. ഇവിടെയുള്ള പാവപ്പെട്ട ദൈവജനത്തിന് ഈ തുക എല്ലാമാസവും കൊടുക്കു വാൻ ബുദ്ധിമുട്ടായിരിക്കുന്നത് നാൽ സ്വന്തമായ ഒരു സ്ഥലവും ഹാളും എത്രയും വേഗം ആവശ്യ മായിരിക്കുന്നു. ഈ ആവശ്യത്തി ലേക്ക് ദൈവജനത്തിന്റെ ആത്മാ ർത്ഥമായ പ്രാർത്ഥനയും സഹായ സഹകരണവും അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിലേക്കായി ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടു ണ്ട്.(SBT, Pattambi Br. A/c no. 57050708624, IFC: 0000186, Bank Code: 70186)

പി.യു തോമസ്, സി.കെ ജോസ്

## എബിനേസർ ബ്രദ്റൺ അസംബ്ലി

കാരിച്ചാൽ: ആലപ്പുഴ ജില്ലയിൽ ഹരിപ്പാടിനടുത്ത് കാരിച്ചാൽ– പാ യിപ്പാട് എന്ന സ്ഥലത്ത് പ്രവർത്ത നങ്ങൾ നടന്നു വരുന്നു. സഭാഹാ ളിനായി വാങ്ങിയ സ്ഥലത്ത് പണി ത താൽക്കാലിക ഷെഡിൽ ആരാ ധന നടന്നു വരുന്നു. സുവി. വർഗീ സ് മത്തായി (എടത്വ), സുവി. സാമു വേൽ റ്റി ഫിലിപ്പ് (പാണ്ടനാട്) ചേർ ന്ന് പ്രവർത്തിക്കുന്നു. കാരിച്ചാൽ, പായിപ്പാട്, ആനാരി, ചെറുതന, വെ ള്ളംകുളങ്ങര, ആയാപറമ്പ് തുട ങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. സഭയുടെ കത്തിടപാ ടുകൾക്കുള്ള വിലാസം.

Ebenezer Brethren Assembly, c/o Evg. Varghese Mathai, Brethren vazhy- Karichal, Payipadu P.O - 690556, Haripadu, Alappuzha, Kerala.

## സ്നാനശുശ്രൂഷ

**എരുമേലി:** ശാലേം ബ്രദറൺ സഭയുടെ ചുമതലയിൽ നവംബർ 20ന് നടന്ന സ്നാനശുശ്രൂഷയിൽ ഒരു യുവസഹോദരൻകൂടി വിശ്വാ സസ്നാനം സ്വീകരിച്ചു.

സഭയ്ക്കുവേണ്ടിയും സ്നാനം സ്വീകരിച്ച സഹോദരനുവേണ്ടിയും ദയവായി പ്രാർത്ഥിച്ചാലും.

## കുട്ടികളുടെ സംഗമം

തിരുവല്ല: ഫെബ്രുവരി 24 മുതൽ 26 വരെ തിരുവല്ല പബ്ലിക് സ്റ്റേഡി യത്തിൽ ഗോസ്പൽ മ്യൂസിക് ഫെസ്റ്റിനോടനുബന്ധിച്ച് 25ന് രാവിലെ 9 മുതൽ 1 വരെ ചിൽഡ്രൻ സ് ഫെസ്റ്റ് ക്രമീകരിച്ചിരിക്കുന്നു. ജോയി ജോൺ, എബ്രഹാം തോമ സ് പുല്ലാട്, ഏബ്രഹാം തോമസ് കൊച്ചി, ബിനു സാമുവൽ, ഫിലിപ്പ് കെ ആൻഡ്രൂസ്, തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം കൊടുക്കു ന്നു. 5 വയസുമുതൽ 17 വയസു വരെ ഉള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യം.

## പുസ്തക പരിചയം

**വേദപുസ്തക വനിതകൾ**
എം വി തോമസ്, *വില 190 രൂ. തിരുവചനത്തിലെ 151 സ്ത്രീകളെ പ്പറ്റി മനോഹരമായ പഠനം*

**യെഹസ്കേൽ പ്രവചനം**
എം വി തോമസ്, *വില 230 രൂ. പ്രീ–പബ്ലിക്കേഷൻസ് 180 രൂ. പുസ്തകങ്ങൾ ആവശ്യമുള്ളവർ 9447558128 എന്ന നമ്പറിൽ ബന്ധ പ്പെടുക.*

**ക്രൈസ്തവ സഭാ ചരിത്രത്തിലെ സംഭവ വികാസങ്ങൾ**
ഡോ. റ്റി.ഇ. ഈശോ. *വില 150 രൂ.* ചരിത്രവിദ്യാർത്ഥികൾ അത്യാ വശ്യം വായിച്ചിരിക്കേണ്ട ഗ്രന്ഥം

Printed, published by Binu Samuel on behalf of BCCF Printed at Puthethu Offset, Kallissery. For Private Circulation Only. Chief Editor P.E. Samkutty.